# സുവിശേഷകൻ നവോത്ഥാന ചരിത്രം ഉൾക്കൊണ്ട് പ്രസംഗിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം



**പാസ്റ്റർ എ. ജെ. ജോൺ കൊഴുവല്ലൂർ**

സുവിശേഷീകരണത്തെ മതപരിവർത്തനമായിട്ടാണ് സുവിശേഷ വിരോധികൾ എക്കാലവും കണ്ടുവരുന്നത്. എന്നാൽ സുവിശേഷീകരണത്തിന് മതപരിവർത്തനവുമായി ബന്ധമില്ല. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗത്തും നടത്തിയതും നടത്തിവരുന്നതുമായ സുവിശേഷീകരണം ക്രിസ്തു മതത്തിന്റെ ഭാഗവുമല്ല. യഥാർത്ഥ ക്രൈസ്തവ സഭയും ക്രിസ്തുമതവും രണ്ടാണെന്നും തിരിച്ചറിയേണ്ടതുണ്ട്. സുവിശേഷീകരണം സഭയുടെ ദൗത്യമാണ്. സ്ഥാപനവൽക്കരിക്കപ്പെട്ട ക്രിസ്തുമതം കർമ്മാചാര നിബന്ധമായതും സുവിശേഷീകരണത്തിന് എതിരായി നിലകൊള്ളുന്നതുമാണ്. പാപിയായി ജനിച്ച് പാപത്തിൽ ജീവിച്ച് നരകത്തിലേക്ക് യാത്ര ചെയ്യുന്ന ജാതിമതഭേദമെന്യേ ഏവർക്കും രക്ഷകനായ യേശുവിൽ വിശ്വസിക്കുന്നതിലൂടെ നിത്യജീവൻ ലഭ്യമാകുന്നതിനുള്ള സന്ദേശമാണ് സുവിശേഷം അഥവാ സുവാർത്ത.

**ഇന്ത്യയുടെ നവോത്ഥാനവും സുവിശേഷീകരണവും**

ഇന്ത്യയിലെ വിദ്യാർത്ഥികൾ പഠിക്കുന്ന നവോത്ഥാന ചരിത്രത്തിലെ നവോത്ഥാന നായകന്മാരുടെ പട്ടികയിൽ സുവിശേഷകന്മാരുടെ പേരുകളില്ല എന്നതാണ് വാസ്തവം. എന്നാൽ സുവിശേകന്മാർ ആരംഭിച്ച നവോത്ഥാന വിപ്ലവത്തിനു ശേഷമാണ് അക്രൈസ്തവരായ നവോത്ഥാന നായകന്മാർ രംഗത്തുവന്നതെന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. നവോത്ഥാന നായകന്മാരുടെ മുൻനിരയിൽ സുവിശേഷകന്മാരായ മിഷണറിമാരാണ് പ്രതിഷ്ഠിക്കപ്പെടേണ്ടതു എന്ന സത്യം സുവിശേഷകന്മാർ ആദ്യം തിരിച്ചറിയണം. അതിനു നവോത്ഥാന ചരിത്രത്തിന്റെ പുനർവായന ആവശ്യമാണ്.

**സതി നിർത്തലാക്കിയത് ആരാണ് ?**

ഇന്ത്യയുടെ നവോത്ഥാന ചരിത്രത്തിലെ സുപ്രധാനമായ അദ്ധ്യായമാണ് സതി നിർത്തലാക്കിയത്. രാജാറാം മോഹൻ റായി ആണ് സതി നിർത്തലാക്കിയത് എന്നാണ് ഇന്ത്യാചരിത്രത്തിൽ വായിക്കപ്പെടുന്നത്. സതി നിർത്തലാക്കുവാൻ പ്രവർത്തച്ചവരിൽ ഒരുവൻ എന്നതിലുപരി സതി നിർത്തലാക്കിയതു രാജാറാം മോഹൻ റായി ആണെന്നു പറയുന്നതു പൂർണ്ണമായും ചരിത്രവിരുദ്ധമാണ്. സതി നിർത്തലാക്കുവാൻ അദ്ദേഹത്തിനു ഒരു അധികാരവുമില്ലായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരുന്നതിനു മുമ്പ് സതിക്കെതിരെ ഇന്ത്യാക്കാർ ആരെങ്കിലും ശബ്ദം ഉയർത്തിയിട്ടില്ല. അങ്ങനെ ആരെങ്കിലും ശബ്ദിച്ചിരുന്നെങ്കിൽ അവരെ കൊന്നു ചാരമാക്കിയിട്ടേ ബ്രാഹ്മണർ അന്നപാനം ചെയ്യുമായിരുന്നുള്ളൂ.

**സതിക്കെതിരെ മിഷണറിയും അദ്ദേഹത്തിന്റെ പത്രവും**

സുവിശേഷീകരണവുമായി 1793-ൽ ഇന്ത്യയിൽ എത്തിയ വില്യംകേറി എന മിഷണറിയുടെ ''ഫ്രണ്ട് ഓഫ് ഇന്ത്യ'' എന്ന പത്രത്തിൽ സതി എന കിരാതവും, ക്രൂരവുമായ ദുരാചാരം നിർത്തലാക്കണം എന്നു ആവശ്യപ്പെട്ടുകൊണ്ട് എഴുതിയ ലേഖനത്തിൽ ബ്രിട്ടീഷ് പാർലമെന്റിനകത്തും പുറത്തും തീവ്രമായി ചർച്ച ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1802-ൽ വെല്ലസ്ലി പ്രഭു അതിപ്രധാനമായ ഒരു ഉത്തരവിലൂടെ സതി എന്ന ദുരാചാരത്തെക്കുറിച്ച് ഒരു എൻക്വയറി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സുവിശേഷകനായ വില്യംകേറിയെ നിയോഗിച്ചു. കൽക്കട്ടായുടെ 30 മൈൽ ചുറ്റളവിൽ 438 വിധവകൾ അവരുടെ നിറയൗവ്വനം അഗ്നിയിൽ ഹോമിക്കപ്പെട്ടതായി അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ പ്രസ്തുത റിപ്പോർട്ടിന്മേൽ ഒരു തീരുമാനം എടുക്കുന്നതിനു മുമ്പ് വെല്ലസ്ലി പ്രഭുവിന് ഇന്ത്യ വിടേണ്ടിവന്നു. തുടർന്നു വന്ന ബ്രിട്ടീഷ് ഭരണാധികാരികളാകട്ടെ ഇന്ത്യയിലെ മതപരമായ കാര്യങ്ങളിൽ ഇടപെടുന്നത് അനാവശ്യമാണെന്നു കരുതി മൗനം പാലിക്കുകയും ചെയ്തു. എനാൽ ദൈവസ്നേഹത്തിന്റെ അപ്പോസ്തലനായ വില്യംകേറി സതിക്കെതിരെയുള്ള നിയമയുദ്ധം തുടരുകതന്നെ ചെയ്തു. ഇതിനുശേഷം അഥവാ വിദേശ മിഷണറിമാരുടെ സുവിശേഷീകരണവും അനുബന്ധ വിദ്യാഭ്യാസ പ്രവർത്തനങ്ങളും കൊളുത്തിവെച്ച സുവിശേഷ ദീപപ്രഭയിൽ ഇന്ത്യയിലെ അന്ധകാരം തിരിച്ചറിഞ്ഞ രാജാറാം മോഹൻറായിയെ പോലുള്ള നവോത്ഥാന നയകന്മാർ രംഗത്തുവരാൻ തുടങ്ങി. ''തമസോമാ ജ്യോതിർഗമയാ'' അഥവാ ഇരുട്ടകറ്റണേ എന്ന ഭാരതത്തിന്റെ പ്രാർത്ഥന സഫലീകരിക്കാൻ ത്യാഗമൂർത്തികളായ ആദ്യകാല ക്രിസ്ത്യൻ മിഷണറിമാർ ഒട്ടേറെ സഹായിച്ചു. (ജസ്റ്റിസ് കെ. സുകുമാരൻ, മലയാള മനോരമ 2015 സെപ്റ്റംബർ 24).

ഭാരതത്തിൽ പണ്ടുമുതലേ ഇരുട്ടകറ്റണേ എന്നു പ്രാർത്ഥിച്ചെങ്കിലും ഇരുട്ടകറ്റിയത് സുവിശേഷവും അനുബന്ധ ഇംഗ്ലീഷ് വിദ്യാഭ്യാസവുമാണെന്ന് സമ്മതിക്കുന്ന ജസ്റ്റിസ് കെ. സുകുമാരനെപ്പോലെ ധാരാളം അക്രൈസ്തവരുണ്ടെന്നും മറക്കരുത്. ഇത്തരം പ്രസ്താവനകളെ ഹൈലൈറ്റ് ചെയ്യാൻ സുവിശേഷകർ സജ്ജരാകാണം. മഹാനായ കർത്ത്യദാസൻ ഡോ. വില്യംകേറി, സതിക്കെതിരെ നിയമയുദ്ധം നടത്തിയത് നീണ്ട ഇരുപത്തിയഞ്ച് വർഷങ്ങളാണ് അഥവാ കാൽനൂറ്റാണ്ടുകാലം. വില്യംകേറിയുടെ ഈ നിയമയുദ്ധത്തിൽ അദ്ദേഹത്തിന് പ്രാർത്ഥനയിലും രാഷ്ട്രീയ

സ്വാധീനത്തിലും വലംകൈയായി പ്രവർത്തിച്ചത് ബ്രിട്ടീഷ് പാർലമെന്റ് അംഗമായിരുന്ന വില്യംവിൽ ബർഫോഴ്സ് എന്ന സുവിശേഷ തൽപരനായിരുന്നു. ബ്രിട്ടൻ നടത്തിവന്നിരുന്ന ആഫ്രിക്കൻ അടിമ വ്യാപാരത്തിനെതിരെയും ഇന്ത്യൻ സ്ത്രീത്വത്തിനു വേണ്ടിയും ബ്രിട്ടീഷ് പാർലമെന്റിൽ ധീരമായി വാദിച്ച മനുഷ്യസ്നേഹിയായിരുന്നു വില്യം വിൽബർഫോഴ്സ്. നീണ്ട നിയമയുദ്ധത്തിനും പ്രാർത്ഥനാ നിർഭരമായ പ്രവർത്തനത്തിനും ഒടുവിൽ 1829 സെപ്റ്റംബർ 4-ാം തീയതി ബന്റ്റിക് പ്രഭുവാണ് സതി നിർത്തലാക്കിയതായി പ്രഖ്യാപിച്ചത്. Regulation XVII of the Bengal code പ്രകാരം സതി അനുഷ്ഠിക്കുന്നത് നിയമ വിരുദ്ധവും ക്രിമിനൽ കുറ്റവുമാണെന്നായിരുന്നു ബൻറ്റിക് പ്രഭുവിന്റെ പ്രഖ്യാപനം. ഇന്ത്യയിലെ വിധവകളുടെ ജീവൻ അഗ്നിയിൽ എറിയപ്പെടുന്നതു തടയാൻ ബ്രിട്ടീഷ് പാർലമെന്റ് തീരുമാനം എടുത്തതിൽ രാജാറാം മോഹൻറായിയുടെ റോൾ എന്തായിരുന്നുവെന്ന് മുൻപ് സൂചിപ്പിച്ചിട്ടുള്ളതാണ്.

ഇന്ത്യയിലെ ഹിന്ദുമതക്കാരുടെ ദുരാചാരമായിരുന്ന ‘‘സതി’’ സുവിശേഷകനായ വില്യംകേറി പത്രത്തിലെ ലേഖനങ്ങൾ മൂലം ബ്രിട്ടീഷ് പാർലമെന്റ് നിർത്തലാക്കിയതിന്റെ അടുത്ത ഞായറാഴ്ച അതായത് 1829 ഡിസംബർ 6-ാം തീയതി യെശയ്യാ. 58 ന്റെ 6-ാം വാക്യം സഭാരാധന മദ്ധ്യേ വായിച്ചിട്ട് കർത്തൃദാസനായ വില്യംകേറി ആനന്ദാശ്രു പൊഴിച്ചുകൊണ്ട് അക്ഷരാർത്ഥത്തിൽ നൃത്തം വെച്ചു എന്നും ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇനി മുതൽ ഇന്ത്യയിലെ വിധവകൾക്ക് മനുഷ്യരായി ജീവിക്കുവാൻ സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു. മതത്തിന്റെ പേരിൽ കുട്ടികൾ ഇനി ക്രൂരമായ അനാഥത്വം അനുഭവിക്കേണ്ടി വരില്ല എന്നും അദ്ദേഹം ഞായറാഴ്ച പ്രസംഗത്തിൽ കൂട്ടിച്ചേർത്തു.

ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ഇന്ത്യൻ സുവിശേഷകന്മാരിൽ ഒരു വലിയ വിഭാഗം വിടുതലിൻ ശുശ്രൂഷയും ആത്മമാരിയും അത്ഭുത രോഗശാന്തിയും Prosperity Gospel മാത്രം പറഞ്ഞ് ജനത്തെ ഇളക്കി മറിക്കുമ്പോൾ മറുഭാഗത്ത് മിഷണറിമാർ ഇന്ത്യക്ക് നൽകിയ സംഭവനകളെ തമസ്ക്കരിച്ചിട്ട് സുവിശേഷീകരണം മതപരിവർത്തനമാണെന്ന് ആരോപിച്ചുകൊണ്ട് സുവിശേഷീകരണത്തെ പ്രതിക്കൂട്ടിലാക്കി ആയുധംകൊണ്ട് നേരിടുന്നത് അനീതിയാണെന്നും സുവിശേഷീകരണമാണ് ഇന്ത്യയുടെ നവോത്ഥാനത്തിന്റെ ആധാരശിലയെന്നും പ്രസംഗിക്കുവാൻ സുവിശേഷകർ പ്രാപ്തരാകണം, സജ്ജരാകണം.


**Royal Enterprises**

**COMMERCIAL PRINTERS**

29, Saibaba Nagar,
Shell Colony Road,
Chembur, Mumbai - 400 071.

**Mob.:** 9619078852
**Tel.:** 2523 4229 / 2527 8761

Advt. 41


### പാസ്റ്റർമാരുടെ ശ്രദ്ധയ്ക്ക്

എല്ലാ ഡിസ്ട്രിക്റ്റിലെയും പാസ്റ്റർമാരുടെ ഫാമിലി ഫോട്ടോ സുവാർത്തയിൽ ചേർത്തു വരികയാണ്. നിങ്ങളുടെ ഡിസ്ട്രിക്റ്റിലുള്ള പാസ്റ്റർമാരുടെ ഫാമിലി ഫോട്ടോ, ഡിസ്ട്രിക്റ്റിലെ പ്രവർത്തനങ്ങളെ പ്പറ്റിയുള്ള റിപ്പോർട്ടുകൾ എല്ലാം താഴെ പറയുന്ന വിലാസത്തിലേക്ക് എത്രയും പെട്ടെന്നു അയച്ചു തരിക.

**Suvartha Publications**
P.O. Box No. 17082
Tilaknagar P.O., Chembur,
Mumbai - 400 089.


**Pray for**
**Suvartha Publications**

**An official organ of**
**IPC Maharashtra State**

Encouraging people for
Literature Ministry since 1990
International Award Winner - 2 Times
National Award Winner - 4 Times
We invite your suggestions
for the improvement.
Your association is
very important for us

For more details and
free sample copies contact

**Suvartha Publications**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089
**E-mail:** suvartha@yahoo.com /
ksv_lilly@yahoo.co.in



## आराधना गीत हिन्दी [ഹിന്ദി ആരാധനാ ഗീതങ്ങൾ]

Bro. James Varghese Panvel, Publish ചെയ്ത Worship Song Hindi (**आराधना गीत हिन्दी**) എന്ന പാട്ടുപുസ്തകം തയ്യാറായിട്ടുണ്ട്. 160 പേജുള്ള പഴയതും പുതിയതുമായ 312 പാട്ടുകളടങ്ങിയ Multi Colour Laminated കവറോടുകൂടിയ പുസ്തകമാണ്. ഒറ്റപ്രതി Rs.100/- കൂടുതൽ കോപ്പികൾ ആവശ്യപ്പെടുന്ന സഭകൾക്കും സുവിശേഷ സംഘടനകൾക്കും Discount Rate-ൽ ലഭിക്കുന്നതായിരിക്കും.

Advt. 34

**ആവശ്യപ്പെടേണ്ട വിലാസം:**

**JAMES VARGHESE, B-104, National Palace, Takka Panvel, Navi Mumbai - 410 206.**
**A-2 & 3, Mahanand Yadav Bhuvan, Near Sai Studio, Parerawadi, Pipe Line, Sakinaka, Mumbai-400 072.**
**Mob.: 9821236319 / 9969072119**
**E-mail : lisojames@yahoo.co.in / james20763@gmail.com**

# രക്ഷയുടെ അനുഭവവും അതിന്റെ ആവശ്യകതയും



**Eliazer M. Chacko**

**എന്താണ് രക്ഷ ? അതിന്റെ ആവശ്യകതയെന്ത് ?**

പ്രിയരെ, നമുക്കൊരു മരണം ഉണ്ട്. അഥവാ, ഈ മനുഷ്യ ശരീരം ജീവനെ വെടിയുന്ന ഒരു സമയം എല്ലാ മനുഷ്യർക്കും ഉണ്ട്. മരിച്ച് അടക്കം ചെയ്യുന്നതോടെ എല്ലാം അവസാനിക്കും; അതിനാൽ ജീവിതം ആകുന്നത്ര ആസ്വദിക്കാം എന്ന് ചിലർ ധരിക്കുന്നു. ശ്രദ്ധിക്കുക ! മരണം ഒരു അവസാനം അല്ല; തുടക്കം മാത്രമാണ്. നിത്യതയുടെ തുടക്കം. ആ നിത്യതയിൽ, നിത്യജീവനും നിത്യനരകവും ഉൾപ്പെടുന്നു. നിത്യജീവനിൽ നിത്യസന്തോഷവും, നിത്യസമാധാനവും ഉണ്ട്. എന്നാൽ നിത്യ നരകത്തിലോ, നിത്യാഗ്നിയും നിത്യയാതനയും മാത്രം. നിത്യജീവൻ നേടണമോ, അതോ നിത്യനരകം വേണമോ എന്ന് സ്വയം ചിന്തിക്കുക. പാപത്തിൽ ജീവിക്കുന്നവർ നിത്യനരകത്തിന് അവകാശികൾ ആകുന്നു.

മനുഷ്യർ എല്ലാവരും പാപത്തിൽ ജനിച്ചവരാണ്. പാപം കൂടാതെ ജനിച്ച രണ്ടു വ്യക്തികൾ മാത്രമേയുള്ളൂ. ആദ്യത്തെ മനുഷ്യനായ ആദാമും കർത്താവായ യേശുക്രിസ്തുവും. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആദമിന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതിയപ്പോൾ അവനിൽ നിത്യജീവൻ ഓടുവാൻ തുടങ്ങി. കാരണം, അവനിൽ വന്നത് നിത്യനാകുന്ന ദൈവത്തിന്റെ ജീവൻ ആണ്. എന്നാൽ, സാത്താന്റെ വാക്ക് കേട്ട് ദൈവകൽപ്പന ലംഘിച്ച ആദമും ഹവ്വയും പാപം ചെയ്തു. ദൈവത്തിന്റെ തേജസ്സ് അവരിൽ നിന്ന് നഷ്ടമായി. ഇവിടെ മാനവരാശിയുടെ പാപത്തിന് തുടക്കം കുറിച്ചു. അന്നു മുതൽ മനുഷ്യൻ മരണം ഉള്ളവനായി മാറി. പാപസ്വഭാവം ഉള്ളവനായി മാറി. റോമർ 6:23 ൽ ഇപ്രകാരം പറയുന്നു; പാപത്തിന്റെ ശമ്പളം മരണമത്രെ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവിൽ നിത്യജീവൻ തന്നെ.

ഇവിടെയാണ് രക്ഷയ്ക്ക് പ്രാധാന്യം ഉണ്ടാകുന്നത്. എന്താണ് രക്ഷ ? മരണത്തിന് ശേഷം മനുഷ്യന്റെ ആത്മാവ് നിത്യനരകത്തിൽ കടക്കാതെ നിത്യജീവനിൽ പ്രവേശിക്കുന്നതിന് രക്ഷ എന്നു പറയുന്നു. എന്താണ് രക്ഷയുടെ അനുഭവം ? പാപത്തിൽ നിന്ന് മോചനം ലഭിക്കുമ്പോൾ ഒരു വ്യക്തി രക്ഷയുടെ അനുഭവത്തിൽ എത്തിച്ചേരുന്നു. നിത്യജീവനിലേക്ക് അവൻ സഞ്ചരിച്ച് തുടങ്ങുന്നു. യോഹന്നാൻ 14:6 ൽ യേശു പറയുന്നു; ഞാൻ തന്നെ വഴിയും, സത്യവും ജീവനും ആകുന്നു.

ആരാണ് യേശു ? പിതാവായ ദൈവത്തിന്റെ ഇഷ്ടപ്രകാരം, ഈ ലോകത്തിൽ മനുഷ്യാവതാരം എടുത്ത് നമ്മുടെ പാപപരിഹാരാർത്ഥം, കാൽവറി ക്രൂശിൽ തന്റെ അവസാനതുള്ളി രക്തം വരെ ഊറ്റിത്തന്ന രക്ഷകനാണ് യേശു. യോഹന്നാൻ 3:16 ൽ ഇങ്ങനെ കാണുന്നു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

എങ്ങനെ ഈ രക്ഷ എനിക്കും അവകാശമാക്കുവാൻ കഴിയും? എഫെസ്യർ 2:8,9 ൽ ഇങ്ങനെ പറയുന്നു; രക്ഷ ദൈവത്തിന്റെ ദാനം എന്ന്.

മനുഷ്യന്റെ പുണ്യപ്രവർത്തികൾ കൊണ്ട് രക്ഷിക്കപ്പെടുവാനോ, നീതികരിക്കപ്പെടുവാനോ സാധിക്കുകയില്ല. യേശുവിലൂടെ മാത്രമേ രക്ഷ സാധ്യമാകൂ. യേശു എന്ന പേരിന്റെ അർത്ഥം തന്നെ രക്ഷകൻ എന്നാണ്. യേശു ഈ ലോകത്തിൽ വന്നത് പാപികളെ രക്ഷിപ്പാനാണ്. ഏത് പാപിയേയും രക്ഷിപ്പാൻ യേശുവിന് കഴിയും.

യെശയ്യാവ് 1:18 ൽ ഇങ്ങനെ വായിക്കുന്നു : നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ വെളുക്കും.

നിങ്ങൾക്ക് ക്രിസ്ത്യാനി എന്ന ലേബൽ ഉണ്ടായേക്കാം. ഹിന്ദു കുടുംബത്തിൽ പെട്ടവൻ ആയേക്കാം, മുസ്ലീം കുടുംബത്തിൽ പെട്ടവൻ ആയേക്കാം. യേശുവിന് യെഹൂദ ജനമെന്നോ, യവനനെന്നോ ഇല്ല. താങ്കൾ ഏതു ജാതിയിൽപ്പെട്ടവനായാലും നിങ്ങൾ നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുത്ത് ദൈവത്തിന്റെ പൈതലായി ജീവിക്കുക എന്നുള്ളതാണ് ദൈവേഷ്ടം. നമ്മുടെ കർത്താവായ യേശു ഈ ലോകത്തിൽ വന്നത് പാപികളായ നമ്മെ രക്ഷിപ്പാനാണ്. നമ്മുടെ രക്ഷയ്ക്ക് ആവശ്യമായ പ്രവർത്തി നമ്മുടെ യേശു നിവർത്തിച്ചു എന്നുള്ളതിന് സാക്ഷീകരണമാണ് കർത്താവായ യേശു ക്രിസ്തുവിന്റെ കാൽവറിയിലെ കുരിശുമരണം. 1 തിമോ. 2:6ൽ ഇങ്ങനെ പറയുന്നു: എല്ലാവർക്കുംവേണ്ടി മറുവിലയായ് തന്നെത്താൻ കൊടുത്ത മനുഷ്യനായ യേശുക്രിസ്തു തന്നെ.

രക്ഷ യേശു ക്രിസ്തുവിൽകൂടി മാത്രം അ. പ്ര. 4:12 ൽ പറയുന്നു. ‘‘ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ രക്ഷിക്കപ്പെടുവാൻ നൽകപ്പെട്ട വേറൊരു നാമവും ഇല്ല. അത് യേശു എന്ന നാമം മാത്രം’’. രക്ഷ തീർച്ചയായും സൗജന്യം. 1യോഹ. 1:7 ൽ പറയുന്നു. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

രക്ഷ തീർച്ചയായും സൗജന്യമെന്ന് മുകളിൽ പറഞ്ഞുവല്ലോ. സൗജന്യമായ ഈ രക്ഷ നിങ്ങൾക്കും അവകാശമാക്കാം. എങ്ങനെ ? പാപികളായി ജനിച്ച നമുക്ക് ഒരു വീണ്ടും ജനനം ആവശ്യമാണ്. യോഹന്നാൻ 3:3-ൽ കർത്താവ് പറയുന്നു. ‘‘ആമ്മേൻ ആമ്മേൻ ഞാൻ നിന്നോട് പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല’’. അതിനാൽ, രക്ഷയ്ക്ക് മുന്നോടിയായി വീണ്ടും ജനനം പ്രാപിക്കേണ്ടിയിരിക്കുന്നു.

**എന്താണ് വീണ്ടും ജനനം ? എങ്ങനെ അത് സാധ്യമാകും ?**

വീണ്ടും ജനനമാണ് ക്രിസ്തീയ ജീവി

തത്തിന്റെ അടിസ്ഥാനം. ഈ അനുഭവത്തിന്റെ ആദ്യപടി അനുതാപമാണ്. ഞാൻ പാപിയാണെന്നുള്ള ബോധം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. പാപത്തെക്കുറിച്ച് അനുതപിക്കുന്ന ഒരു വ്യക്തിയെ മാത്രമേ ദൈവം സ്വാഗതം ചെയ്യുന്നുള്ളൂ. ദൈവം, നമ്മൽ ഒരു ശുദ്ധീകരണം ആഗ്രഹിക്കുന്നു. യഥാർത്ഥ അനുഭവം കൂടാതെ യേശുവിൽ വിശ്വസിച്ചതുകൊണ്ട് രക്ഷയുടെ അനുഭവത്തിലേക്ക് വരുവാൻ സാധ്യമല്ല. നിന്റെ കഴിഞ്ഞ കാലങ്ങളിലെ ദുഷ്ട്, പാപസ്വഭാവത്തിൽ നിന്ന് ഒരു സ്വാതന്ത്ര്യം ആവശ്യമാണ്. ആ സ്വഭാവത്തെ പൂർണ്ണമായി തുടച്ചുനീക്കാൻ കർത്താവിനു കഴിയും. എന്നാൽ, അതിന് ഒരു പശ്ചാത്താപം ആവശ്യമാണ്. ഒരു സമർപ്പണ ബോധത്തോടെ പൂർണ്ണമായി ദൈവസന്നിധിയിൽ വന്ന്, അങ്ങയുടെ മകനായി/മകളായി ജീവിക്കുവാൻ ഞാൻ താൽപര്യപ്പെടുന്നു എന്ന് പറഞ്ഞ് നമ്മുടെ ജീവിതത്തിൽ വന്നു പോയ പാപങ്ങളെക്കുറിച്ച് അനുതപിക്കുക. യേശുവേ, ഞാൻ പാപിയാണ്, എന്റെ പാപങ്ങൾ എന്നോട് ക്ഷമിക്കേണം. എനിക്ക് രക്ഷ പ്രാപിക്കണം, വീണ്ടും ജനിക്കണം. നിത്യജീവൻ അവകാശമാക്കേണം എന്ന് ദൈവസന്നിധിയിൽ സമർപ്പിക്കുക.

റോമർ 10:9 ൽ ഇങ്ങനെ പറയുന്നു ‘‘യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും, ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും’’. കർത്താവായ യേശുക്രിസ്തു എന്റെ പാപങ്ങൾക്കു വേണ്ടി കാൽവറി ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നു എന്ന് നാം ഹൃദയം കൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുക. മർക്കോ. 16:16 ൽ ‘‘വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും’’. കർത്താവിനെ രക്ഷകനായി അംഗീകരിക്കുന്ന ഏതൊരു വ്യക്തിക്കും ജലത്തിൽ സ്നാനം ഏറ്റ്, കർത്താവിനെ അനുഗമിക്കുവാനുള്ള അവസരം കർത്താവ് നൽകുന്നു. യേശുവിനെ സ്വന്ത രക്ഷകനും കർത്താവുമായി സ്വീകരിച്ച് ജലത്തിൽ സ്നാനം ഏൽക്കുന്നതിലൂടെ ഒരുവൻ വീണ്ടും ജനനം പ്രാപിക്കുന്നു, കർത്താവിന്റെ ക്രൂശീകരണത്തോടും, മരണത്തോടും ഏകീഭവിക്കുന്ന പ്രക്രിയയാണ് സ്നാനം. 2 കൊരി. 5:17 ‘‘ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ അത് പുതുതായി തീർന്നിരിക്കുന്നു’’. വീണ്ടും ജനനം പ്രാപിച്ച ഒരു വ്യക്തിയിൽ ഉണ്ടായിരുന്ന എല്ലാം കഴിഞ്ഞുപോയി, എല്ലാം പുതുതായി കഴിഞ്ഞു. അതിനർത്ഥം, ക്രിസ്തു നിന്നിൽ ജീവിക്കുന്നു, ഗലാത്യർ 2:20. ‘‘ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശീകരിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നി ൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏൽപിച്ച് കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ’’.

ഒരു മഞ്ഞുകട്ട വേനലിൽ ഉരുകി തീരുമ്പോൾ ആ മഞ്ഞുകട്ടയ്ക്ക് പ്രസക്തിയില്ലാതാകുന്നു. ആയതുപോലെ നിന്റെ പാപങ്ങൾ എത്ര കഠിനമായിരുന്നാലും നീ രക്ഷിക്കപ്പെട്ട ദിവസം മുതൽ കർത്താവ് നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു. നിന്റെ പാപങ്ങൾ രക്താംബരം പോലെ ചുവപ്പായിരുന്നാലും അതു ഹിമം പോലെയായി മാറും എന്ന് ദൈവം വാഗ്ദത്തം നൽകുന്നു.

നിങ്ങൾക്ക് ഒരു ദൈവ പൈതലായി സമർപ്പിക്കുവാൻ താൽപര്യം ഉണ്ടെങ്കിൽ നിങ്ങൾ ഇങ്ങനെ പറയൂ; ഇന്നുമുതൽ ഇങ്ങനെ പ്രാർത്ഥിക്കൂ. യേശുവേ, ഞാൻ നിന്റെ സന്നിധിയിലേക്ക് വരുന്നു. എന്റെ പാപക്കറകൾ അങ്ങയുടെ രക്തത്താൽ കഴുകേണമേ. അങ്ങയുടെ സന്നിധിയിൽ ഞാൻ പാപിയാണ്. എന്റെ അറിവില്ലായ്മയിൽ ചെയ്തുപോയ എല്ലാ പാപങ്ങളും തുടച്ചുമാറ്റി, ദൈവപൈതലാക്കി തീർക്കേണമേ. ഇതാ എന്റെ ഹൃദയം അങ്ങേയ്ക്കുവേണ്ടി സമർപ്പിക്കുന്നു. അങ്ങ് എനിക്കുവേണ്ടി കുരിശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപത്തിന്റെ പരിഹാരം അങ്ങയുടെ രക്തത്തിലൂടെ മാത്രം എന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താവേ, അങ്ങയെ ഞാൻ എന്റെ സ്വന്തരക്ഷിതാവായി സ്വീകരിക്കുന്നു. കർത്താവ് എന്നെ എന്റെ പാപസ്വഭാവത്തിൽ നിന്ന് മാറ്റി എടുത്തതിനായി സ്തോത്രം. കർത്താവേ, ഈ ലോകത്തിന്റെ മ്ലേച്ഛതകളിൽ നിന്ന് എന്നെ അകറ്റേണമേ. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ എന്നെ നടത്തേണമേ. അങ്ങയെ മാത്രം സ്നേഹിച്ച് സേവിച്ച് ജീവിക്കുവാനുള്ള കൃപ എനിക്ക് തരേണമേ. ദിനംദിനം ദൈവസന്നിധിയിൽ കുറ്റങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ഒരു വിശുദ്ധ ജീവിതം നയിപ്പാൻ എനിക്ക് കൃപ തരേണമേ. ■

## SCENES FROM IPC PARATHWADA DISTRICT OF MAHARASHTRA STATE


Pr. Shibu Joseph Preaching and Pr. Jenin David translating


Some of our Pastors at Parathwada District

# നിങ്ങളുടെ വിളി ഉറപ്പാക്കുക
(Part - 4)



**പാസ്റ്റർ ഡോ. പി.എം. ജോൺസൺ,**
**നവി മുംബൈ**

സഭയിലെ അടുത്ത ശുശ്രൂഷാ വിഭാഗമാണ് 'ഇടയന്മാരും ഉപദേഷ്ടാക്കന്മാരും' അതായത് പാസ്റ്റർമാർ. ഇവരെത്തന്നെയാണ് മൂപ്പൻ എന്നും അദ്ധ്യക്ഷൻ എന്നുമൊക്കെ പറയുന്നത്. ദൈവത്തിന്റെ ജനത്തെ മേയിക്കുക, അദ്ധ്യക്ഷത ചെയ്യുക, പഠിപ്പിക്കുക, ശാസിക്കുക, ശുശ്രൂഷിക്കുക, പരിപാലിക്കുക, ഭരിക്കുക എന്നതൊക്കെയാണ് പാസ്റ്ററുടെ ജോലി സഭയിൽ ഏതു ശുശ്രൂഷ ചെയ്യുന്നവരും ഇന്നു പാസ്റ്റർ എന്നറിയപ്പെടുന്നു. എല്ലാവരും പാസ്റ്റർ ആകാനാണ് ആഗ്രഹിക്കുന്നത്. മുകളിലുദ്ധരിച്ച ഒരു പണിയും ചെയ്യാത്തവരെയും പാസ്റ്റർ എന്നു തന്നെ സംബോധന ചെയ്യുന്നു. ഒരു പ്രാദേശിക സഭയുടെ ഉത്തരവാദിത്വം ഇല്ലാത്ത ആൾ എങ്ങനെ പാസ്റ്ററാകും എന്നാരും ചിന്തിക്കുന്നില്ല. കൺവെൻഷൻ പ്രസംഗം മാത്രം നടത്തുന്നവർ, പ്രവചന ശുശ്രൂഷ മാത്രം ചെയ്യുന്നവർ, സംഘടനയുടെ ഏതെങ്കിലും ഔദ്യോഗിക പദവി വഹിക്കുന്നവരും, പണ്ടു വഹിച്ചിരുന്നവരും, സഭാശുശ്രൂഷ ഒന്നുമില്ലാതെ സെന്ററിലെ പാസ്റ്റർമാരെ ഭരിക്കുന്ന സെന്റർ തലവന്മാർ തുടങ്ങിയ എല്ലാവരും ഇന്നു 'പാസ്റ്റർ' എന്നറിയപ്പെടുന്നു. സുപ്രസിദ്ധ സുവിശേഷ പ്രസംഗകനും എഴുത്തുകാരനുമായ കാനം അച്ചൻ 'പാസ്റ്റർ' എന്ന പേരെടുക്കാതെ അക്കാര്യത്തിൽ മാതൃക കാട്ടിയ ആളാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ മാന്യത കൂടിയതേയുള്ളൂ, ഒട്ടും കുറഞ്ഞിട്ടില്ല.

വളരെ അനുഗ്രഹിക്കപ്പെട്ടതും എന്നാൽ ഉത്തരവാദിത്വം ധാരാളമുള്ളതുമായ ഒരു ശുശ്രൂഷയാണ് പാസ്റ്റർ ശുശ്രൂഷ. പ്രത്യേകാൽ കർത്താവ് ആദരിക്കുന്ന ഒരു ശുശ്രൂഷ. കർത്താവ് തന്റെ രക്തം കൊടുത്ത് വിലയ്ക്കു വാങ്ങിയ തന്റെ ആട്ടിൻ കൂട്ടത്തെ കർത്താവിന്റെ ഹിതപ്രകാരം മേയിച്ച് ഒന്നിനെപ്പോലും നഷ്ടമാക്കാതെ അവനെ ഏൽപിക്കുന്ന മഹത്വകരമായ ശുശ്രൂഷ. നല്ല ഇടയനായ കർത്താവിന്റെ മനോഭാവം ഉള്ളവർക്കു മാത്രമേ ഈ ശുശ്രൂഷയിൽ ശോഭിക്കുവാൻ സാധിക്കുകയുള്ളൂ. ആടിന്റെ വിലയെക്കുറിച്ച് ധാരണയില്ലാത്ത ഒരാളിനൊരിക്കലും ഒരു ഇടയനാകാനൊക്കുകയില്ല. ആട്ടിൻ കൂട്ടമില്ലാത്ത ഒരാളിനെങ്ങനെ ഇടയനാകാൻ സാധിക്കും ? ആടിനെ മേയ്ക്കാത്ത ഒരാൾ എങ്ങനെ ഇടയൻ എന്ന പേരെടുക്കും ? കർത്താവ് നിയമിക്കാതെ ആരെങ്കിലും പാസ്റ്റർ എന്നു വിളിച്ചാൽ ഒരാൾ ഇടയനാകുമോ? ഇതൊക്കെ ആത്മാർത്ഥമായി ദൈവസന്നിധിയിലിരുന്ന് ചിന്തിക്കേണ്ട കാര്യമാണ്.

ഇടയശുശ്രൂഷ ചെയ്യുന്നവർ കർത്താവിന്റെ ആട്ടിൻ കൂട്ടത്തെ മുഴുവൻ സൂക്ഷിക്കേണ്ടുന്നവരാണ് (അ. പ്ര. 20:28) അല്ലാതെ അവർക്ക് താൽപര്യമുള്ളവരെ മാത്രം ശുശ്രൂഷിച്ചാൽ പോരാ. വില മുടക്കിയവൻ കണക്കു ചോദിക്കും നിശ്ചയം. എങ്ങനെയെങ്കിലും ഒരു ടേം പൂർത്തിയാക്കാൻ വേണ്ടി ഒത്തു തീർപ്പ് മനോഭാവത്തോടുകൂടി, ആത്മാർത്ഥത ഒട്ടുമില്ലാതെ സഭശുശ്രൂഷ ചെയ്യുന്നവർ ദൈവസന്നിധിയിൽ തങ്ങളുടെ ശുശ്രൂഷയെ വിലയിരുത്തി മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു.

ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ (അ.പ്ര. 20:29) ഇന്ന് സഭയിൽ കടന്നുകൂടിയിരിക്കുന്നു. അവർ പ്രസംഗിക്കുന്നതും ശുശ്രൂഷിക്കുന്നതും ആടുകൾക്കുവേണ്ടിയല്ല, പിന്നെയോ അവർക്കുവേണ്ടയാണെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. ''ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായ വിപരീതോപദേശം പ്രസ്ഥാവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും'' (അ. പ്ര. 20:30) എന്ന് പൗലോസ് ് പ്രവചിച്ചത് ഇന്ന് അക്ഷരാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ചില പ്രത്യേക പ്രാസംഗീകന്മാർക്കു ചുറ്റും ആൾക്കൂട്ടം കൂടിക്കൊണ്ടിരിക്കുന്ന കാഴ്ചയും അവർ പ്രസ്താവിക്കുന്ന ദുരുപദേശങ്ങളും നാം കണ്ടും കേട്ടുകൊണ്ടുമിരിക്കയാണല്ലോ. സഭ ഒരിക്കലും ഒരു ആൾക്കൂട്ടമല്ല. ആകയാൽ ആൾക്കൂട്ടത്തിലെ പ്രസംഗീകൻ ഒരിക്കലും പാസ്റ്ററാകുന്നില്ല. ആൾക്കൂട്ടം എപ്പോഴും കോഴിക്കടയിലെ കോഴികളെപ്പോലെ മാത്രമേ ആകുന്നുള്ളൂ. എണ്ണമല്ല, തൂക്കമാണവിടെ നോക്കുന്നത്. വ്യക്തിപരമായി ആരെയും അവിടെ ശ്രദ്ധിക്കുന്നില്ല. എന്നാൽ ആട്ടിൻ കൂട്ടം അതുപോലെയല്ല, അവിടെ ആടുകൾക്ക് എണ്ണമുണ്ട്. മാത്രവുമല്ല, ഇടയൻ ആടുകളെ തന്റെ പേർ ചൊല്ലി വിളിക്കുന്നു (യോഹ. 10:3) ഇവിടെ ഇടയനും ആടുകളുമായി ഒരു ബന്ധമുണ്ട്. ഇടയനു ആടുകളോട് ഉത്തരവാദിത്വവുമുണ്ട്. ഉടമസ്ഥനു കണക്കും കൊടുക്കേണ്ടതുണ്ട്. സഭ കർത്താവിന്റെ ആട്ടിൻ കൂട്ടമാണ്. കർത്താവ് വിലകൊടുത്ത ആടുകളാണു സഭയിലുള്ളത് (അ. പ്ര. 20:28). ഈ ആട്ടിൻകൂട്ടത്തെ മേയ്പാൻ കർത്താവ് അദ്ധ്യക്ഷരാക്കി വച്ചവരാണ് പാസ്റ്റർമാർ. മറ്റാർക്കുമില്ലാത്ത അധികാരങ്ങൾ പാസ്റ്റർമാർക്ക് സഭയിലുണ്ട്. അതുപോലെ ഭാരിച്ച ഉത്തരവാദിത്വവുമാണവർക്ക് ഉപദേഷ്ടാവ് എന്ന നിലയിൽ ജനത്തെ വചനം പഠിപ്പിക്കേണ്ട ചുമതല ഈ ദൈവദാസന്മാർക്കാണ്. പ്രയോജനമുള്ളതൊന്നും മറച്ചുവെക്കാതെ ജനത്തെ അറിയിക്കേണ്ടിയിരിക്കുന്നു. പൗലോസ് അത് ചെയ്തതായി താൻ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അ. പ്ര. 20:20 ദൈവജനത്തിനു പ്രയോജനമാകേണ്ട വചന സത്യങ്ങൾ കണ്ടെത്തി അവരെ പഠിപ്പിക്കുവാൻ ഒരു പാസ്റ്റർ ധാരാളം ഗൃഹപാഠം ചെയ്യേണ്ടിയിരിക്കുന്നു. ദൈവവചനം വായിക്കുവാനും പഠിക്കുവാനും സമയം കണ്ടെത്തുന്ന ഒരാൾക്കു മാത്രമേ ഇതു വിശ്വസ്തതയോടു ചെയ്യുവാൻ കഴിയുകയുള്ളൂ. തന്റെ ജനത്തിനു തത്സമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെമേൽ ആക്കിവെച്ച വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആർ ? യജമാനൻ വരുമ്പോൾ അങ്ങനെ

ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ അവനെ തനിക്കുള്ള സകലത്തി ന്മേലും യജമാനൻ ആക്കിവെക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ അവൻ ദുഷ്ടദാസ നായി; യജമാനൻ വരുവാൻ താമസി ക്കുന്നു എന്നു ഹൃദയം കൊണ്ടു പറഞ്ഞു. കൂട്ടുദാസന്മാരെ അടിപ്പാനും കുടിയാന്മാ രോടുകൂടി തിന്നു കുടിപ്പാനും തുടങ്ങി യാൽ നിരൂപിക്കാത്ത നാളിലും അറി യാത്ത നാഴികയിലും യജമാനൻ വന്നു അവനെ ദണ്ഡിപ്പിച്ചു അവന്നു കപടഭ ക്തിക്കാരോടുകൂടെ പങ്കു കൽപിക്കും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാ കും'' (മത്താ. 24:45-51). പ്രാർത്ഥന യിലും വചനധ്യാനത്തിലും ഉറ്റിരിക്കേണ്ട കർത്താവിന്റെ ദാസന്മാർ ആ ഉത്തരവാ ദിത്വം വേണ്ടപോലെ നിർവഹിക്കാതെ കൂട്ടുദാസന്മാരെ ഉപദ്രവിക്കുവാൻ അവ രുടെ പുറകെയും അതുപോലെ സുഖ ലോലുപതയുടെ പുറകെയും ആയിരി ക്കുന്നുവെന്നുവരികിൽ അതിന്റെ അർത്ഥം കർത്താവിന്റെ നാൾ സമീപമാ യിരിക്കുന്നുവെന്ന് അവുരുടെ ഉള്ളിൽ വിശ്വാസമില്ലാത്തതു കൊണ്ടുമാത്രമാ ണ്. ചില പാസ്റ്റർമാർ മറ്റു പാസ്റ്റർമാരെ ഭരിക്കുന്നത് ഒരു രസകരമായ ശുശ്രൂഷ യായി കാണുന്നു. അതിനുവേണ്ടി അവർ പണം ധാരാളം മുടക്കി പാസ്റ്റർമാരെ ഭരി ക്കുന്ന ഭരണസമിതികളിൽ (പ്രസ്ബിറ്റ റി) കയറിപ്പറ്റുന്നു. ഇങ്ങനെയുള്ള സമി തികളിലേക്കൊക്കെ പരിചയസമ്പന്ന ന്മാരും പക്വതയുള്ളവരുമായ ദൈവദാ സന്മാർ നിയമിക്കപ്പെടേണ്ടതാവശ്യമാ ണ്. എന്നാൽ ഞാനാണതിനു മറ്റുള്ളവ രേക്കാൾ യോഗ്യൻ. അതുകൊണ്ട് എനി ക്കു വോട്ടു തന്നു ആ സ്ഥാനത്ത് ആക്ക ണമെന്ന് ഒരാൾ പറയുന്നുവെന്നുവരി കിൽ ആ ഉദ്ദേശ ശുദ്ധിയെ ദൈവം അംഗീ കരിക്കുമെന്നു തോന്നുന്നില്ല. ഇങ്ങനെ യുള്ളവരെക്കുറിച്ചാകാം കർത്താവ് പറ ഞ്ഞിരിക്കുന്നത്.

ദൈവജനത്തെ വചനം പഠിപ്പിക്കു ന്നതിനു മുൻപായി, ദൈവദാസന്മാർ വ ചനം വായിക്കുകയും പഠിക്കുകയും ചെ യ്യേണ്ട ആവശ്യകതയും അപ്പോസ്തലി ക ഉപദേശത്തിൽ പെടുന്നുവെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ''ഞാൻ വരുവോളം വായന, പ്രബോധനം, ഉപ ദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക (1 തിമോ. 4:13)'' എന്നു പൗലോസ് തിമോ ത്ഥിയോസിനെ ഉദ്ബോധിപ്പിക്കുന്നു. എങ്കിൽ മാത്രമേ തിമോത്ഥിയോസിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്കു വാൻ കഴിയുകയുള്ളൂവെന്നു പൗലോസി നറിയാമായിരുന്നു. പൗലോസും വായ നാശീലമുള്ള വ്യക്തിയായിരുന്നുവെന്നു തിരുവചനത്തിൽ നാം കാണുന്നു(2 തിമോ. 4:13). ദൈവജനത്തിന്റെ ദശാം ശവും സ്തോത്രകാഴ്ചയുമൊക്കെ മിക്ക യിടത്തും പോകുന്നത് സഭാശുശ്രൂഷക ന്മാരുടെ പോക്കറ്റിലേക്കാണല്ലോ. പ ക്ഷേ, ഇതിന്റെ ഉപഭോക്താക്കളാകു മ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. അതിപ്രകാരമാണ് ''വചനം പഠിക്കുന്ന വൻ പഠിപ്പിക്കുന്നവന് എല്ല നന്മയിലും ഓഹരി കൊടുക്കണം'' (ഗലാ. 6:6) എന്ന വചനവ്യവസ്ഥ ദൈവജനം അനുസരി ക്കുമ്പോൾ, ആ നന്മ അനുഭവിക്കുന്നവർ സ്വയം ഒന്നു ശോധന കഴിക്കണം താന തിനു യോഗ്യനാണോയെന്ന്. ദൈവജ നം അറിയേണ്ടതൊന്നും അവരെ ഗ്രഹി പ്പിക്കാൻ തുനിയാതെ എന്തെങ്കിലും പ്രസംഗിച്ച് അവരെ പ്രീതിപ്പെടുത്തി അവരുടെ സ്തോത്ര കാഴ്ചയും ദശാംശ വുമൊക്കെ വാങ്ങി തട്ടിയും മുട്ടിയും പോകുന്നവർ ദൈവത്തോട് കണക്ക് പറ യേണ്ടി വരും.

ഇന്നു സഭകളിൽ പ്രാസംഗീകന്മാ രുടെ ബാഹുല്യമുണ്ടെങ്കിലും, വചനത്തി നു ദാരിദ്ര്യമാണുള്ളത്. ആവശ്യമുള്ള വചനം തക്ക സമയത്ത് ലഭിക്കാത്തതു കൊണ്ട് നമ്മുടെ യുവതലമുറ അവർക്ക് രുചികരമെന്നു തോന്നുന്ന വിഭവങ്ങൾ പ്രദാനം ചെയ്യുന്ന ന്യൂ ജനറേഷൻ സഭക ളിലേക്കു നീങ്ങുന്നു. നമ്മുടെ സഭായോഗ ങ്ങളിലെ വചനശുശ്രൂഷ വിഭവസമൃദ്ധ മായിരിക്കേണം. ഭൂരിപക്ഷം പേരും സഭാ യോഗങ്ങൾ കൊണ്ടു മാത്രം തൃപ്തിയട യുന്നവരാണല്ലോ? സന്ദർശക പാസ്റ്റർ മാർ ഗുണത്തെക്കാളുപരി ദോഷമാണ് വരുത്തിവെയ്ക്കുന്നതെന്നു സഭയുടെ ഉപദേഷ്ടാക്കന്മാരും ഇടയന്മാരുമായ പാസ്റ്റർമാർ മനസ്സിലാക്കേണ്ടിയിരിക്കു ന്നു. സന്ദർശകർ വരുന്നത് നമ്മുടെ വിചാരണയിലുള്ള ആട്ടിൻ കൂട്ടത്തെക്കു റിച്ചുള്ള ഭാരം കൊണ്ടൊന്നുമല്ലല്ലോ. അവർക്കു വേറെയെങ്ങും പോകാൻ ഇട മില്ലാത്തതുകൊണ്ടാണല്ലോ അങ്ങോട്ട് കയറി വരുന്നത്. അവരുടെ കൈയിൽ സ്ഥിരമായ, രുചികരമായ, ജനത്തെ ഇള ക്കുന്ന കുറെ വിഭവങ്ങൾ കാണും. ഒരു രണ്ടുമൂന്നു പ്രസംഗമുണ്ടെങ്കിൽ ഒരു സന്ദ ർശക പ്രസംഗകനു അതു ധാരാളം മതി ഒരു സീസൺ അവസാനിക്കുന്നതു വരെ. ഓരോ സഭായോഗത്തിനും രണ്ടും മൂന്നും പാസ്റ്റർമാർ കയറി വന്നാൽ പാവം സഭാ ശുശ്രൂഷകൻ എന്തു ചെയ്യും ? ഇവരെ മാനിക്കേണ്ടേ ? ഇവരെയല്ല ദൈവജന ത്തെയാണു ഒരു പാസ്റ്റർ ശ്രദ്ധിക്കേണ്ട ത്. ജനത്തിന്റെ ആവശ്യവും അവസ്ഥയു മറിഞ്ഞ് ഒരുക്കപ്പെട്ട നിലയിൽ വചനശു ശ്രൂഷ നടത്തുവാൻ സഭാ ശുശ്രൂഷക ന്മാർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സഭാശു ശ്രൂഷകനും ഇതിനു സമയം ലഭിക്കേണ്ട തിനു വിശ്വാസികളും ശ്രദ്ധിക്കേണ്ടിയിരി ക്കുന്നു. നാം ക്ഷണിക്കാതെ ഞാൻ അ ങ്ങോട്ടു വരട്ടെയെന്നു ഒരു അതിഥി പ്രസംഗകൻ വിളിച്ചു ചോദിച്ചാൽ അദ്ദേ ഹത്തെ സ്നേഹത്തോടെ കാര്യം പറ ഞ്ഞു മനസ്സിലാക്കി ഒഴിവാക്കുന്നതാണ് നല്ലത്. എന്നാൽ സഭയ്ക്ക് ഒരു അതിഥി ശുശ്രൂഷകന്റെ ശുശ്രൂഷ ആവശ്യമെ ങ്കിൽ അവരെ ക്ഷണിച്ചു ശുശ്രൂഷിപ്പിക്കു ന്നത് നല്ലതാണു താനും. പൊതുശു ശ്രൂഷ എന്നു പറഞ്ഞു കറങ്ങി നടക്കുന്ന വരെ ഒരു കാരണവശാലും സഭയിൽ ശുശ്രൂഷിപ്പിക്കാതിരക്കുകയാവും നന്ന്.

സഭശുശ്രൂഷ ചെയ്യുന്നവരോട് ദൈ വവചനം അനുശാസിക്കുന്നത് ഇപ്രകാ രമാണ്. ''വചനം പ്രസംഗിക്ക; സമയ ത്തിലും അസമയത്തിലും ഒരുങ്ങി നിൽ ക്ക; സകല ദീർഘക്ഷമയോടും ഉപദേശ ത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെ യ്ക; പ്രബോധിപ്പിക്ക; അവർ പത്ഥ്യോ പദേശം പൊറുക്കാതെ കർണ്ണരസമാകു മാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സ ത്യത്തിനു ചെഴികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും'' (1 തിമോ. 4:2-4). ഇങ്ങനെയൊരു കാലം വാസ്തവത്തിൽ ഇന്നു വന്നിരി ക്കുകയല്ലേ? കേൾപ്പാൻ ഇമ്പമുള്ള പ്ര സംഗം തൊഴിലാക്കിയ ഒരാളാണോ, അതോ സഭാശുശ്രൂഷകനാണോ ദൈവ ത്തോട് കണക്ക് കൊടുക്കേണ്ടത് ? സഭാ ശുശ്രൂഷ അഥവാ പാസ്റ്റർ പണി വളരെ ഉത്തരവാദിത്വമുള്ള ഒരു ശുശ്രൂഷയാ ണല്ലോ. അവർക്കു പ്രത്യേകാൽ ഒരു കിരീടം വാഗ്ദാനം ചെയ്തിരിക്കുന്നു. ''നിങ്ങളുടെ വിചാരണയിലുള്ള ദൈവ ത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചു കൊ ൾവിൻ. നിർബന്ധത്താലല്ല, ദൈവ ത്തിനു ഹിതമാംവണ്ണം മനഃപൂർവ്വമാ യും, ദുരാഗ്രഹത്തോടെയല്ല ഉന്മേഷ ത്തോടെയും ഇടവകകളുടെമേൽ കർ

## പ്രാർത്ഥനകളും യാചനകളും കേട്ട്

# മരണത്തിൽ നിന്ന് വിടുവിച്ച ദൈവം



പൊന്നച്ചൻ എം., അംബർനാഥ്

''യഹോവ എന്റെ പ്രാർത്ഥനകളും യാചനകളും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ തന്റെ ചെവി എങ്കലേക്ക് ചായിച്ചതുകൊണ്ട് ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും'' (സങ്കീ. 116:12)

ഞാൻ ഒരു മർത്തോമ്മ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടു. അങ്ങനെയിരിക്കെ ഞങ്ങളുടെ വീടിന്റെ അടുത്ത് ഒരു പെന്തെക്കോസ്തു കൂട്ടായ്മ ആരംഭിച്ചു. അവരുടെ നല്ല സഹകരണവും ആത്മീയ കൂട്ടായ്മയും എന്നെ ക്രിസ്തുവിങ്കലേക്ക് ആനയിക്കുവാനിടയാക്കി. എന്റെ ചെറിയ പ്രായത്തിൽ എന്റെ കർത്താവിനെ രക്ഷകനായി സ്വീകരിപ്പാനും, ജലത്തിൽ കർത്താവിനെ സാക്ഷിപ്പാനും കർത്താവു സഹായിച്ചു. ഞാൻ ഏകനായി ആദ്യം എന്റെ ഭാവനത്തിൽ നിന്നും രക്ഷയുടെ അനുഭവത്തിൽ കടന്നു വരാനിടയായി. പിന്നീട് മൂത്ത സഹോദരിയുടെ കുടുംബം ഒഴികെ എല്ലാവരും രക്ഷയുടെ അനുഭവത്തിൽ കടന്നു വന്നു. ഞാൻ ഏകദേശം 30-ൽ അധികം വർഷമായി അംബർനാഥ് ഐ.പി.സി.യിലെ ദൈവജനങ്ങളോടു ചേർന്ന് കുടുംബമായി ദൈവത്തെ ആരാധിച്ചുകൊണ്ടിരിക്കുന്നു.

22.08.2014 ൽ ജോലി കഴിഞ്ഞു വീട്ടിൽ നിന്ന് വൈകിട്ടത്തെ ഭക്ഷണവും കഴിഞ്ഞിരിക്കുന്ന സമയത്ത് തലവേദന ഉണ്ടാവുകയും പെട്ടെന്ന് ഛർദ്ദിക്കുകയും ചെയ്തു. അടുത്തുള്ള ഒരു ഹോസ്പിറ്റലിൽ പോയി ചെക്ക് അപ് ചെയ്തു പക്ഷേ അവർക്ക് ഒന്നും കണ്ടു പിടിക്കുവാൻ സാധിച്ചില്ല. പെട്ടെന്ന് അവിടെ നിന്നും ആംബുലൻസിൽ ഞങ്ങളുടെ സഭാ ശുശ്രൂഷകനും എന്റെ കുടുംബവും കൂടി രാത്രിയിൽ ഫോർട്ടിസ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. ഞാൻ സ്വയം നടന്ന് വാഹനത്തിൽ കയറി യാത്ര തിരിച്ചു. യാത്രയിൽ തന്നെ എന്റെ ബോധം നഷ്ടപ്പെട്ടു. പിന്നീടുള്ള ഏഴു ദിവസം ഞാൻ കോമയിലായി, ഈ ലോകവുമായി യാതൊരു ബന്ധവുമില്ലാതെയായി. സ്കാൻ ചെയ്തപ്പോൾ തലച്ചോറിൽ ബ്ലീഡിങ്ങ് ആണെന്നു മനസിലാകുകയും പെട്ടെന്നു തന്നെ ഞാൻ ഒരു ഓപ്പൺ സർജറിക്കു വിധേയനാകുകയും ചെയ്തു. ഓപ്പറേഷൻ കഴിഞ്ഞു എങ്കിലും ആശക്കു വകയില്ലാത്ത ഒരു അവസ്ഥയിൽ എത്തിച്ചേർന്നു. മെഡിക്കൽ സയൻസ് മരണത്തിനു വിധിയെഴുതി. എന്നാൽ ഞാൻ ആരാധിക്കുന്ന എന്റെ ദൈവസഭയും അതുപോലെ തന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള ദൈവസഭയും ദൈവമക്കളും വിടുതലിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ അവസാനമായി വേണ്ടപ്പെട്ടവരെ അറിയിച്ചുകൊള്ളാൻ ഡോക്ടർ പറഞ്ഞു. ഏഴാമത്തെ ദിവസം ഞാൻ കിടന്നിരുന്ന ഐ.സി.യു. വിൽ മിന്നി പ്രകാശിക്കുന്ന വലിയ ഒരു വെളിച്ചം കാണുകയും ഞാൻ പെട്ടെന്ന് കണ്ണു തുറക്കുകയും ചെയ്തു. മെഡിക്കൽ സയൻസ് മരണത്തിനു വിധിയെഴുതിയ എന്നെ കർത്താവ് ഇറങ്ങിവന്ന് കരം പിടിച്ച് എഴുന്നേൽപിച്ചു. ചില മണിക്കൂറുകൾ മാത്രമേ ഇനി ശേഷിക്കുകയുള്ളൂ എന്ന് ഡോക്ടർമാർ വിധിയെഴുതിയപ്പോൾ അനേകരുടെ കണ്ണുനീരും പ്രാർത്ഥനയും കണ്ട് കർത്താവ് എന്നെ വിടുവിച്ചു. ''മനുഷ്യരാൽ അസാദ്ധ്യം യഹോവക്കു സാദ്ധ്യം''. എന്റെ ദൈവത്തിന്റെ അത്ഭുത പ്രവർത്തിയും, അതിശയപ്രവർത്തിയും ജീവിതത്തിൽ ഒരു പ്രാവശ്യം കൂടി അനുഭവിച്ചറിയുവാൻ കർത്താവു സഹായിച്ചു. ഒരു വർഷത്തിൽ പരമായി കർത്താവ് എന്നെ പൂർണ്ണ ആരോഗ്യത്തോടും പ്രത്യാശയോടും നടത്തിക്കൊണ്ടിരിക്കുന്നു. ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു. അവൻ ജീവപര്യന്തം വഴി നടത്തും. (സങ്കീ. 48:4). ഞാൻ ഇന്ന് ഭൂമിയുടെ മുഖത്ത് ആയിരിക്കുന്നത് ദൈവത്തിന്റെ കൃപ ഒന്നു കൊണ്ടു മാത്രമാണ്. എനിക്കു വേണ്ടി പ്രാർത്ഥിച്ച എല്ലാ പ്രിയപ്പെട്ടവരോടും ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. അവൻ അഗതികളുടെ പ്രാർത്ഥന കടാക്ഷിക്കുകയും അവരുടെ പ്രാർത്ഥന നിരസിക്കാതെയുമിരിക്കും (സങ്കീ. 102:15). എന്റെ സാക്ഷ്യം വായിക്കുന്ന ആരെങ്കിലും രോഗത്താൽ ഭാരപ്പെടുന്നവരാണെങ്കിലും മരണത്തിനു വിധിക്കപ്പെട്ടവർ ആണെങ്കിലും, ഏതെങ്കിലും പ്രശ്നങ്ങളുടെ മുഖത്ത് ആയിരിക്കുന്നുവെങ്കിലും പൂർണ്ണഹൃദയത്തോടെ വിശ്വസിച്ചുകൊണ്ട് എന്റെ യേശുവിന്റെ അടുക്കലേക്ക് ചെല്ലുകയാണെങ്കിൽ അവൻ നിങ്ങളെയും വിടുവിപ്പാൻ ശക്തനാണ്. ഈ ലോകത്തിൽ എത്ര ഉന്നതരായിരുന്നാലും ശരീരത്തിന്റെ ആരോഗ്യം നഷ്ടപ്പെട്ടു കഴിയുമ്പോൾ ആശ്രയിപ്പാൻ നമ്മുടെ കർത്താവ് മാത്രമേയുള്ളൂ. നമ്മുടെ ദൈവം രക്ഷകനും വീണ്ടെടുപ്പുകാരനുമാണ്. അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല. ഇന്നയോളം ലജ്ജിപ്പാൻ ഇടയാക്കാതെ നില നിർത്തിയ കർത്താവിന് സകല മാനവും മഹത്വവും പുകഴ്ചയും അർപ്പിച്ചുകൊള്ളുന്നു.

---

### നിങ്ങളുടെ വിളി ഉറപ്പാക്കുക .....

ത്യത്വം നടത്തുന്നവരായിട്ടല്ല. ആട്ടിൻ കൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ടും അദ്ധ്യക്ഷത ചെയ്‌വിൻ. എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും'' (1 പത്രോ. 5:2-4).

ഇതു വായിക്കുന്ന ദൈവ പൈതലേ, നിന്നിലൊരു വിളിയുണ്ട്. നിന്നെ ഏൽപിച്ച ഒരു ശുശ്രൂഷയെങ്കിലുമുണ്ട്. അത് തിരിച്ചറിഞ്ഞ് അതിൽ ശ്രദ്ധിച്ച് കർത്താവിന്റെ വേലയിൽ വളരാം. വലിയ പ്രതിഫലം നമ്മെ കാത്തിരിക്കുന്നു. കാണുന്നത് താൽക്കാലികം, കാണാത്തത് നിത്യം. അതിനുവേണ്ടി ഒരുങ്ങാം. കർത്താവ് അനുഗ്രഹിക്കുമറാകട്ടെ.

# വിധവയുടെ രണ്ട് കാശ്

*ഡോ. എഡിസൻ തോമസ്,*
*വേങ്ങൂർ*

യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാ വേളയിൽ താൻ വളരെ അപൂർവ്വമായിട്ടേ യെരുശലേം ദൈവാലയത്തിൽ വന്നിട്ടുള്ളൂ. ഒരു പക്ഷേ രണ്ടോ മൂന്നോ പ്രാവശ്യം മാത്രം. ഒരിക്കൽ യെരുശലേം ദൈവാലയത്തിൽ കടന്നുചെന്നപ്പോൾ തന്റെ ശ്രദ്ധയിൽ പെട്ടതായ ഒരു സംഭവമാണ് സുവിശേഷകനായ മർക്കൊസ് തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യേശുനാഥൻ ദൈവാലയത്തിലെ ശ്രീഭണ്ഡാരത്തിനു നേരെ ഇരിക്കുമ്പോൾ പുരുഷാരം ആരാധനയ്ക്കും ആഘോഷത്തിനുമായി യെരുശലേമിലെ ദൈവാലയത്തിലും പരിസര പ്രദേശങ്ങളിലും കടന്നു വന്നിരിക്കുകയാണ്. കടന്നുവരുന്നവർ സ്വമേധാ ദാനങ്ങളും നേർച്ച പണവും ദാനധർമ്മങ്ങളും ചെയ്യുക പതിവാണ്.

അങ്ങനെ ശ്രീഭണ്ഡാരത്തിൽ പണം നിക്ഷേപിച്ചവരുടെ കൂട്ടത്തിൽ പാവപ്പെട്ട ഒരു വിധവ രണ്ട് കാശ് ഇട്ടത് യേശുവിന്റെ ശ്രദ്ധയിൽ പെട്ടു. ദരിദ്രയായ ഒരു വിധവ, അവൾ എങ്ങനെയാണ് ഉപജീവന മാർഗ്ഗം കണ്ടെത്തിയത് എന്നുള്ളത് നമുക്ക് അറിയുകയില്ല, അവൾക്ക് മക്കൾ ഉണ്ടായിരുന്നുവോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് യാതൊരു സൂചനവും ലഭിക്കുന്നില്ല. പക്ഷെ ദൈവത്തിനുവേണ്ടി കൊടുക്കുന്ന കാര്യത്തിൽ മുൻപന്തിയിലായിരുന്നു. അവളുടെ കൈവശമുണ്ടായിരുന്ന സകല സമ്പാദ്യവും അവൾ ഒരു വഞ്ചിപ്പെട്ടിയിൽ നിക്ഷേപിച്ചു. മർക്കോസ് 12:41-44, ഇതു കണ്ടപ്പോൾ യേശുക്രിസ്തുവിനു ആശ്ചര്യമുണ്ടായി.

യേശുക്രിസ്തു തന്റെ ശിഷ്യന്മാർ അറിഞ്ഞിരിക്കാൻ വേണ്ടി പറഞ്ഞു കൊടുക്കുന്ന വിധവയുടെ രണ്ടുകാശ് പല പാഠങ്ങളാണ് ദൈവമക്കൾക്കു നൽകുന്നത്.

ഒന്നാമതായി നൽകുന്ന സന്ദേശം - വിധവയുടെ രണ്ട് കാശ് തന്റെ സ്നേഹത്തിന്റെ അടയാളമാണ്. സ്നേഹം നിറഞ്ഞ ഹൃദയമാണ് അവൾക്ക് ഉണ്ടായിരുന്നത്. അതുകൊണ്ടാണ് അവൾ തനിക്കുണ്ടായിരുന്ന സമ്പാദ്യം സകലതും ശ്രീഭണ്ഡാരത്തിൽ ഇട്ടത്. പണ്ടൊരു ഭക്തൻ പറഞ്ഞത്, സ്നേഹം വറ്റിപ്പോകുമ്പോൾ സഹായത്തിനുള്ള കരവും കുറുകിപോകും. അതുകൊണ്ടാണ് പലരും ധാരാളം പണവും സമ്പത്തും ഉണ്ടായിട്ടും ഒന്നും നൽകാതെ സ്വാർത്ഥരായിരിക്കുന്നത്. എമികാൾ മൈക്കിൾ ഒരിക്കൽ പറഞ്ഞു, ''സ്നേഹിക്കാതെ കൊടുക്കുവാൻ കഴികയില്ല, കൊടുക്കാതെ സ്നേഹിക്കുവാനും കഴികയില്ല'' യേശുക്രിസ്തുവിന്റെ കാൽവറി മരണം തന്നെ ലോകത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രകടനമാണ്.

രണ്ടാമതായി - വിധവയുടെ രണ്ട് കാശ് അംഗീകാരത്തിന്റെ അടയാളമാണ്. ഒരു വ്യക്തിയെ നാം അംഗീകരിക്കുമ്പോൾ അദ്ദേഹത്തോടുള്ള ബന്ധത്തിൽ കൊടുക്കുന്ന ബഹുമാനം ആദരവ് ഇവയെല്ലാം അതിൽ ഉൾപ്പെട്ടിരിക്കുന്നു.

ദൈവത്തിനു കൊടുക്കുക എന്നു പറയുമ്പോൾ കേവലം വായ് കൊണ്ടുള്ള ആരധനയിലല്ല അവൾ വിശ്വസിച്ചത്, മറിച്ച് ഉള്ള സകലതും ദൈവത്തിനു നൽകി ആരാധിക്കുക, ആരാധനയിൽ സ്തുതി നൽകുക മാത്രമല്ല, ദൈവത്തിനുവേണ്ടി ഭൗതികമായി കൊടുക്കുന്നതും ഉൾപ്പെടുന്നു. ചിലരോടു ദൈവത്തിനു കൊടുക്കുന്നതിനെപ്പറ്റി ചോദിച്ചാൽ അവർ പറയുന്ന മറുപടി ഞങ്ങൾ ദൈവത്തിനു മാനം കൊടുക്കും എന്നാണ്. ഒരു ദൈവപൈതൽ ദൈവത്തിനുവേണ്ടി പരമാവധി കൊടുക്കുമ്പോൾ മാത്രമേ ദൈവത്തെ പൂർണ്ണമായി അംഗീകരിക്കുന്നുവെന്നു അഥവാ ആരാധിക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയൂ.

മൂന്നാമതായി വിധവയുടെ രണ്ട് കാശ് ത്യാഗത്തിന്റെ അടയാളമാണ്. ഉള്ളത് സകലതും ദൈവത്തിനുവേണ്ടി നൽകുക എന്നത് ഒരു ത്യാഗമാണ്. അനന്യാസ് സഫീറയെപ്പോലെ അൽപം ഭാവിക്കുവേണ്ടിയോ, തലമുറയ്ക്കുവേണ്ടിയോ മാറ്റിവെക്കാൻ താൽപര്യം ഉള്ളവൾ ആയിരുന്നില്ല. അവളിൽ ഉണ്ടായിരുന്നതായ ദൈവവചനം ഒരു പക്ഷെ ഇതായിരിക്കാം. ആകാശത്തിലെ പക്ഷികളെ നോക്കുവിൻ, അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വെക്കുന്നതുമില്ല, എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുത് എന്ന സത്യം അവൾ ഗ്രഹിക്കുന്നു. മത്താ. 6:24-34. വിധവയാണെങ്കിലും വിശ്വാസവും ആഴമായ ദൈവവചന അറിവും തനിക്കുണ്ടായിരുനതിനാൽ ത്യാഗമനോഭാവം അവൾക്കു ഉണ്ടായിരുന്നു. അബ്രഹാം യിസഹാക്കിനെ മോറിയ മലയിൽ യാഗം കഴിക്കാൻ കൊണ്ടുപോയത് ത്യാഗത്തിന്റെ അടയാളമാണ്. കൂടാതെ തന്റെ കൈയിൽ അൽപമേ ഉള്ളൂവെങ്കിലും ദൈവത്തിനു നൽകിയാൽ ദൈവം അതു അനേകർക്കു അനുഗ്രഹകാരണമാക്കും എന്നു മനസിലാക്കിയിരുന്നു, മോശെയുടെ കൈയിലെ വടിയും ദാവീദിന്റെ കൈയിലെ കവണയും ബാലന്റെ കൈയിലെ അഞ്ച് അപ്പവും രണ്ടു മീനും ത്യാഗത്തോടുകൂടെ നൽകുമെങ്കിൽ ദൈവത്തിനു അതിനെ ഉപയോഗിക്കുവാൻ കഴിയും. ഈ വിധവ തന്റെ കൈവശമുണ്ടായിരുന്ന രണ്ടു കാശിൽ ഒന്നു അവൾ സ്വന്തമായി സൂക്ഷിച്ചശേഷം രണ്ടാമത്തെ കാശ് നൽകുകയല്ല ചെയ്തത് പൂർണ്ണമായും ഉള്ളത് സകലവും ദൈവത്തിനു നൽകി. ഒരു വലിയ വിശ്വാസത്തിന്റെ പ്രവർത്തിയായിരുന്നു അത്.

ഭാവിയെപ്പറ്റി ഉത്കണ്ഠയോ ആശങ്കയോ ഒന്നും അവളെ ഭരിച്ചിരുന്നില്ല. അവൾക്കാവശ്യമുള്ളത് യഥാസമയം അവൾക്കു ലഭിക്കുമെന്ന ഉറപ്പ് അവൾക്കുണ്ടായിരുന്നു. അവൾക്കു അറിയാമായിരുന്നു. തന്റെ കൈവശമുള്ള തുക അൽപമേയുള്ളൂയെന്നും മറ്റുള്ളവരുമായി താരതമ്യം ചെയ്താൽ ഒന്നുമില്ലായെന്നും എന്നാൽ തനിക്കു ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം പരമാവധി ദൈവത്തിനു കൊടുക്കുക എന്നുള്ളതായിരുന്നു, മറ്റുള്ളവർ എന്തു ചെയ്യുന്നു, എന്തു

# എന്റെ വിശ്വാസ ജീവിത അനുഭവങ്ങളിൽ നിന്നും



**പാസ്റ്റർ പി. കെ. ജോൺസൺ**
**അയർക്കുന്നം**

മുപ്പത്തെട്ടു വർഷം മുമ്പ് യേശുക്രിസ്തു ഒരു രാത്രിയിൽ കിടക്കയിൽ വെളിപ്പെട്ടാണ് എന്നെ രക്ഷയിലേക്ക് നടത്തിയത്. പിന്നീട് സ്നാനപ്പെട്ടു. അഭിഷേകം പ്രാപിച്ചു. സങ്കീ. 118:8-9 വാക്യം ആകാശത്തിൽ ദൈവം എഴുതി കാണിച്ചതിനു ശേഷം സുവിശേഷ വേലയ്ക്കായി ജോലി വിട്ടിറങ്ങി. അന്നുമുതൽ ഇന്നുവരെ ജീവിതം മുഴുവൻ അനുഭവങ്ങളുടെ കൂമ്പാരം തന്നെ.

മനുഷ്യബുദ്ധികൾക്ക് വിശ്വസിക്കാൻ പ്രയാസം തോന്നുന്ന ചിലതു കുറിക്കട്ടെ. എന്റെ ഇളയ സഹോദരൻ (ഫാദർ ജോയി പറപ്പള്ളി) ഒരു വാച്ച് തന്നു. എന്നാൽ പെന്തെക്കോസ്തു വിശ്വാസത്തിൽ വന്നപ്പോൾ ഞാനതു തിരിച്ചു കൊടുക്കേണ്ടി വന്നു. അനുജൻ തിരിച്ചു വാങ്ങിയ വാച്ച് നടക്കാതെയായി. പല കടകളിലും കൊടുത്തിട്ട് നന്നാക്കാൻ സാധിച്ചില്ല. ഒരു ദിവസം അദ്ദേഹം എന്നോടു പറഞ്ഞു വാച്ചിന്റെ മിഷ്യന് കേടൊന്നുമില്ല. എന്നാൽ വാച്ച് നടക്കുന്നില്ല.അതുകൊണ്ട് നീ എടുത്തുകൊള്ളൂ. ഞാൻ പറഞ്ഞു വേണ്ട, കർത്താവ് വാച്ച് തന്നാലെ കെട്ടത്തുള്ളൂ. വാച്ച് വാങ്ങി കൈവെച്ച് പ്രാർത്ഥിക്കുക എന്ന് കർത്താവ് മനസ്സിൽ പറയുന്നതുപോലെ തോന്നി. എന്നാൽ വാച്ച് തിരികെ വാങ്ങണമെങ്കിൽ ഉടൻ നടക്കണമെന്ന് ഞാൻ പ്രാർത്ഥിച്ചു. കൃപയാൽ വാച്ച് ഓടിത്തുടങ്ങി. എന്റെ വിശ്വാസം വളരെ വർദ്ധിച്ചു.

1969-ൽ ഞാൻ ജോലിക്ക് കക്കി ഡാമിലേക്ക് കെ.എസ്.ആർ.ടി.സി. ബസിൽ പോകുമ്പോൾ ളാഹയിൽ ബസ് തണുക്കാൻ നിർത്തിയിട്ടു. പിന്നീട് ആവുന്നത് ശ്രമിച്ചിട്ടും സ്റ്റാർട്ടായില്ല. വനപ്രദേശമായിരുന്നു ആ സ്ഥലം. അവിടെ വർക്ഷോപ്പുമില്ല. സമയം ഏഴുമണിയായി. എനിക്ക് അപ്പോൾ വാച്ചിന്റെ അനുഭവം മനസ്സിൽ വന്നു. ആ ബസ്സിൽ ഞാൻ മാത്രമേ പെന്തെക്കോസ്ത് വിശ്വാസിയായിട്ടുള്ളൂ. ദൈവാത്മാവിന്റെ ശക്തി എന്നെ ഭരിച്ചു. ഞാൻ മുമ്പോട്ട് ചെന്ന് എഞ്ചിന്റെ മുകളിൽ കൈവെച്ച് പ്രാർത്ഥിച്ചിട്ട് സ്റ്റാർട്ട് ചെയ്യാൻ ഡ്രൈവറോട് പറഞ്ഞു. പെട്ടെന്ന് വണ്ടി സ്റ്റാർട്ടായി. അവിടെ നിന്ന് കർത്താവ് തന്നെ രക്ഷിച്ച അനുഭവസാക്ഷ്യം ബസ്സിലുള്ളവരോട് പറഞ്ഞു.

മറ്റൊരനുഭവം എന്റെ ഒരു അനിയൻ നാടുവിട്ടുപോയി. വീട്ടിൽ സകലരും ദുഃഖത്തിലായി. അപ്പോൾ കർത്താവ് പറഞ്ഞു നീ മൂന്നു ദിവസം ഉപവസിച്ച് പ്രാർത്ഥിക്കുക. മൂന്നു ദിവസത്തെ പ്രാർത്ഥന കഴിഞ്ഞ് പരസ്യയോഗവും കഴിഞ്ഞ് വീട്ടിൽ വന്നിട്ടും അനിയൻ വന്നില്ല. ഉപവസിക്കാൻ എനിക്ക് വെറുതെ തോന്നിയതായിരിക്കും എന്ന ചിന്ത എന്നെ പിടികൂടി. അപ്പോൾ പത്തു മിനിറ്റുനുള്ളിൽ അവൻ വരും എന്ന് കർത്താവ് പറയുന്നതുപോലെ തോന്നി. ഞാൻ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് അവൻ അമ്മച്ചിയെന്നു വിളിച്ച് കയറി വന്നു. ഞാൻ ഉച്ചത്തിൽ ഹാല്ലേലുയ്യാ എന്നു പറഞ്ഞു. പ്രാർത്ഥന കേൾക്കുന്ന കർത്താവ് ജീവിക്കുന്നു. ഉപവാസം തുടങ്ങിയനാൾ അനുജന് ഒരു സ്വപ്നം ഉണ്ടായി. ഒരു പ്ലെയിൻ തലയ്ക്കു മുകളിൽ വന്നിട്ട് രണ്ടുപേർ തോക്കുമായിട്ട് ചാടി വെടിവെയ്ക്കാൻ തുടങ്ങുന്നു. വേഗം വീട്ടിൽ പോകുക എന്നു പറഞ്ഞു. നേരം വെളുത്തപ്പോൾ മനസ്സിന് വിഷമം തോന്നി. വീട്ടിലേക്ക് തിരികെപ്പോരുകയായിരുന്നു.

മറ്റൊരിക്കൽ ഒരു വിശ്വാസിയുടെ വീട്ടിൽ ഞാനും എ. എ. ഫിലിപ്പോസും, കല്ലുമല കുഞ്ഞുമോൻ സാറും, വി. ജെ. ജേക്കബ് സാറും മറ്റുചില സഹോദരന്മാരും പ്രാർത്ഥിക്കുവാൻ പോയി. രാവിലെ കുളിക്കാൻ പോയ ഞാൻ റാന്നി വലിയപള്ളിക്കയത്തിൽ മുങ്ങിപ്പോയി. പ്രാർത്ഥനയിൽ പാസ്റ്റർ വി. ജെ. ജേക്കബ് പ്രബോധിപ്പിച്ച പെരുവെള്ളം നിന്നെ മുക്കികളയുകയില്ല എന്ന വാക്യം ഓർമ്മയിലേക്കു വന്നു. അപ്പോൾ ഒരു ദൈവദൂതൻ വന്ന് എന്നെ തള്ളി ചുഴിയിൽ നിന്ന് മാറ്റുന്നത് ഞാൻ അറിഞ്ഞു. അര ഫർലോങ് താഴെ നിന്നും കയറി വന്നപ്പോൾ സഹോദരന്മാർ ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചു. അന്നു രാത്രി നിരണത്ത് ഒരു കൺവെൻഷനിൽ ഞാനും പാസ്റ്റർ കെ. സി. ജോണും ഒന്നിച്ചു പ്രസംഗിച്ചു. (മുൻ ഐ.പി.സി. ജനറൽ പ്രസിഡണ്ട്).

അനിയന് തിരികെ കൊടുത്ത വാച്ച് നടക്കാതെ ആയി എന്ന് പറഞ്ഞുവല്ലോ. യിസ്രായേൽ ജനം പാപം ചെയ്ത് സത്യദൈവത്തെ ഉപേക്ഷിച്ച് ബാലിന് ബലിയർപ്പിച്ചപ്പോൾ വിശുദ്ധ പ്രവാചകനായ ഏലിയാവ് ബാലിന്റെയും അശേര പ്രതിഷ്ഠയുടെയും 850 പ്രവാചകന്മാരെ വെല്ലുവിളിച്ചിട്ട് നിങ്ങളുടെ ദൈവത്തോട് പ്രാർത്ഥിപ്പിൻ. ഉച്ചവരെ പ്രാർത്ഥിച്ചു പക്ഷെ മറുപടി ഉണ്ടായില്ല. ഏലിയാവ് ഒറ്റയ്ക്ക് ഒരു നിമിഷം പ്രാർത്ഥിച്ചു പറഞ്ഞു. നീ എന്റെ ദൈവമെന്നും ഞാൻ നിന്റെ ദാസൻ എന്നും ഈ കാര്യങ്ങൾ നിന്റെ

---

### വിധവയുടെ രണ്ട് കാശ് ....

നൽകുന്നു, എന്തു കൊടുക്കുന്നു എന്നു നോക്കിയാൽ നമുക്കു ഒന്നും ചെയ്യുവാൻ കഴിയുകയില്ല, പക്ഷെ നമുക്കു എന്തു ചെയ്യുവാൻ കഴിയും അത് നാം ചെയ്യുക, നമ്മുടെ കഴിവിനും പ്രാപ്തിക്കും അനുസരിച്ച് കർത്താവിനുവേണ്ടി എന്തു ചെയ്യുവാൻ കഴിയുമോ അത്രയും നാം ചെയ്യുക. ജീവിതത്തിന്റെ എല്ലാ മേഖലകളും സമസ്ഥകാര്യങ്ങളും അനുഭവങ്ങളും ദൈവത്തിനായി ദൈവനാമമഹത്വത്തിനായി നാം ചെയ്യുക. അപ്പോൾ നമ്മുടെ പ്രവർത്തിയിൽ ദൈവം പ്രസാദിക്കും. ദൈവം കരങ്ങളെയല്ല കാണുന്നത് ഹൃദയത്തെയാണ്, ആകയാൽ വിധവയെപ്പോലെ ഉള്ളത് ദൈവത്തിനുവേണ്ടി കൊടുക്കുക, കഴിയുന്നിടത്തോളവും പരമാവധിയും ദൈവത്തിനായി നൽകുക. ■

## കവിത

# ഇന്നെവിടെയും ഒരു ഉപദേശിമാരെയും കാണുന്നില്ല



പാസ്റ്റർ സജി പീച്ചി.

ഇടവഴിയിൽ ഇടമില്ലാതിടയന്മാരുണ്ട്
പെരുവഴിയിലൊട്ടേറെ പാസ്റ്റേഴ്സുമുണ്ട്
വിദേശയാത്രയ്ക്കു റവറണ്ടുമുണ്ട്
വേദികൾ തോറും വേദശാസ്ത്രത്തിൽ ബിരുദങ്ങളുള്ള
വേദശാസ്ത്രജ്ഞരും വേണ്ടോളമുണ്ട് !
അപ്പോസ്തലന്മാരനവധിയുണ്ട് എണ്ണമില്ലാത്ത പ്രവാചകരുണ്ട്
എന്തെന്നറിയില്ല ഉപദേശിമാരെ ഇന്നൊരിടത്തുപോലും
കാണുന്നില്ലാ ഞാനിദ്ധരയിൽ

ഉപദേശിക്കുവാൻ ചങ്കൂറ്റമുള്ളോരെ
ദേശക്കാർ ഉപദേശിയെന്നു വിളിച്ചു... !
ഉപദേശത്തിൽ നിലനിന്നു ഭൃത്യരെ
ശേഷമുള്ളോർ വിശുദ്ധരെന്നും വിളിച്ചു ....!
ആ വിളിയന്നൊരു പദവിപോലായീ... !
ആ വിളി കേട്ടവർക്കാക്ഷേപം തോന്നില്ല
ആ വിളി കേട്ടവരുള്ളിൽ സ്തുതിച്ചൂ ... !
ഉപദേശിയായതിൽ അഭിമാനം കൊണ്ടു ....

സാധു കൊച്ചുകുഞ്ഞുപദേശി...
കുഞ്ഞപ്പിയുപദേശി
വേട്ടമലയുപദേശി
മത്തായിയുപദേശി
ആശാരിയുപദേശി
ഇങ്ങനെയെത്രയോ ഭക്തർ
ഉപദേശിമാരെന്നേ പാരിൽ പൊലിഞ്ഞു ... !

ഉപദേശിമാരിന്ന്
അന്യം നിന്നെന്നോ ...
അന്യഥാ ഉപദേശം കൂടിപ്പോയെന്നോ
അന്തസ്സില്ലാത്ത പണിയാണിതെന്നോ .... ?
അന്ത്യകാലത്തിന്റെ ലക്ഷണമെന്നോ ?
എന്തെന്നറിയില്ല
ഉപദേശിമാരെയിന്നൊരിടത്തുപോലും
കാണുന്നില്ലാ ഞാനിദ്ധരയിൽ ..... !

കൽപന പ്രകാരം ചെയ്യുന്നു എന്നും വെളിപ്പെട്ടു വരട്ടെ. യഹോവേ എനിക്ക് ഉത്തരമരുളേണമേ, ഉടനെ ആകാശത്തിൽ നിന്ന് തീയിറങ്ങി ഹോമയാഗവും മണ്ണും ദഹിപ്പിച്ചു (1 രാജ. 8:26-28). പ്രാർത്ഥിക്കുന്ന വിശുദ്ധന് ഇന്നും മറുപടി ഉണ്ട്. യിസ്രായേൽ മ ക്കൾ പതിയിരിക്കെ സൂര്യാ നീ അയ്യോലിനിലും ചന്ദ്രാ നീ ഗിബയോൻ താഴ്വരയി ലും നിൽക്ക എന്നു പറഞ്ഞപ്പോൾ ആ കാശ മദ്ധ്യേ നിന്നു (യോശുവ 10:12-14). പുതിയ നിയമത്തിൽ യേശു കാറ്റിനെ ശാസിച്ചു നിറുത്തി. അപ്പോസ്തലന്മാർ പ്രാർത്ഥിച്ച് വീടുകൾ കുലുക്കി. ചങ്ങലയിൽ കിടന്നവരുടെ ചങ്ങല പൊട്ടിച്ചു. രോഗികൾ, ഭൂതഗ്രസ്തർ സൗഖ്യമായി. വിഷഅണലി കൈയ്യിൽ ചുറ്റിയപ്പോൾ കുടഞ്ഞുകളഞ്ഞ് രക്ഷപ്പെട്ടു. ഏതൊരു ദൈവ പൈതലിനും പ്രാർത്ഥനയിൽ സ കലത്തെയും ജയിക്കാം. മാനസാന്തരപ്പെട്ടു സ്നാനപ്പെട്ടു അഭിഷേകം പ്രാപിച്ച് വേർപാട് കാത്ത് ജീവിക്കുന്നവർക്ക് ഈ തലമുറയിലും ഇവയെല്ലാം വിശ്വാസത്തോടെ പ്രാർത്ഥനയിൽ നേടിയെടുക്കാം. അതിന് രണ്ടുപക്ഷെ ഇല്ല.

1983-ൽ നിലമ്പൂർ പാലാങ്കര ദൈവ സഭ വിശ്വാസി കളരിക്കൽ യോഹന്നാൻ സഹോദരന്റെ ഭവനത്തിൽ ഉപവാസ പ്രാർത്ഥന നടക്കുകയാണ്. എന്റെ രണ്ടാമത്തെ മകൾ യോഗത്തെ അലക്ഷ്യമാക്കി കരയുകയാണ്. നാലുവയസ്സുള്ള അവളെ ഒരു തരത്തിലും നിയന്ത്രിക്കാൻ പറ്റുന്നില്ല. ഒടുവിൽ കൈവെച്ച് പ്രാർത്ഥിച്ചു. കുഞ്ഞ് സുഖമായി ഉറങ്ങി. അന്ന് ആ ഭാഗത്തെ മുസ്ലീം സ്കൂളുകളിൽ ഓരോ ക്ലാസിലും സുവിശേഷപ്രതി കൊടുത്ത് മടങ്ങി വന്നപ്പോൾ അഞ്ച് മണിയായി. അപ്പോഴും കുഞ്ഞ് ഉണർന്നിട്ടില്ല. വീട്ടുകാർ വെള്ളം തളിച്ചുനോക്കി. എല്ലാവരും കരഞ്ഞുകൊണ്ടിരുന്നു. വീണ്ടും കൈവെച്ച് പ്രാർത്ഥിച്ചപ്പോൾ മോൾ ഉണർന്നു. പലർക്കും വിശ്വാസത്തിൽ ഉറയ്ക്കാനും ദൈവത്തെ ഭയപ്പെടാനും ഇടയായിത്തീർന്നു. നീണ്ട പുസ്തകം എഴുതാനുള്ള അനുഭവം എനിക്കുണ്ട്. വിസ്താരഭയത്താൽ എല്ലാം വിവരിക്കുന്നില്ല. യഹോവ എന്റെ പ്രാർത്ഥനകളും യാചനകളും കേട്ടതുകൊണ്ട് ഞാനവനെ സ്നേഹിക്കുന്നു (സങ്കീ. 1116:1). ▬

### അറിയിപ്പ്

ഐ.പി.സി. മഹാരാഷ്ട്രാ സ്റ്റേറ്റിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് പുറത്തിറക്കിയ സുവനീറിന്റെ ഏതാനും കോപ്പികൾ ബാക്കിയുണ്ട്. അവ സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന കാര്യം സന്തോഷപൂർവ്വം സഭകളെ അറിയിക്കുന്നു. ആവശ്യമുള്ളവർ താഴെ പറയുന്ന നമ്പരിൽ ബന്ധപ്പെടുക.

Pastor P. Joy - 97570 88499
Bro. Varghese Kollakompil - 98213 32273
Bro. M. C. Varghese - 98220 49958

## Letter to Editor

Dear Editor,

I am getting Suvartha in time. We pray for IPC Maharashtra State and for its Gospel works. I am very happy to know that Gospel activities going on all over the State.

***Bro. P.P. Xavier, Ernakulam***
*Former Member of IPC Dadar*

സുവാർത്ത പതിവായി ലഭിക്കുന്നുണ്ട്. നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾ കാണുന്നതിൽ വലിയ സന്തോഷമുണ്ട്. ഞാൻ നിങ്ങൾക്കുവേണ്ടി വ്യക്തിപരമായി പ്രാർത്ഥിക്കുന്നതു കൂടാതെ ഞങ്ങളുടെ പ്രാർത്ഥനാ കൂട്ടത്തിൽ പറഞ്ഞു പതിവായി പ്രാർത്ഥിക്കുന്നുണ്ട്. വടക്കേ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ പ്രത്യേക പരിഗണന നൽകുന്നുണ്ട്. നിങ്ങളെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 7.00 മുതൽ 7.30 വരെ മിറക്കിൾ ടി.വി. യിൽ എന്റെ പ്രസംഗം നിങ്ങൾക്കു കേൾക്കാവുന്നതാണ്.

***പാസ്റ്റർ ജോൺസൺ പാറപ്പള്ളി***
*കേരള*

**വിഷയം :**
**ഷൈനി ജോൺ നിത്യതയിൽ**

ഹൃദയം നുറുങ്ങിയാണ് ഈ ഉള്ളവൻ എഴുതുന്നത് ഷൈനി യഥാർത്ഥത്തിൽ ജ്യോതിസ്സായിരുന്നു. ദൈവവേലയിൽ സമ്പൂർണ്ണമായി തന്നെത്താൻ താഴ്ത്തി 47 വയസ്സുവരെ മാത്രം ജീവിച്ചു.

ആ വലിയ ദൈവദാസിയുടെ സ്നേഹം, അതിഥി സൽക്കാരം, മറ്റുള്ളവരെ ശ്രേഷ്ഠരായി കരുതിയിരുന്ന ജീവിത രീതി എളിമത്വം, മിതഭാഷണം, കുട്ടികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അമൂല്യ ജീവിതശൈലി ഇവ ഈ ലേഖകനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

***റാന്നി അച്ചായൻ,***
*കേരള.*

## പ്രാർത്ഥനയ്ക്ക്

ഐ.പി.സി. പൻവേൽ സഭാംഗം സഹോദരൻ ജെയിംസ് വർഗീസിന്റെ ഭാര്യ ലില്ലി ജെയിംസ് കിഡ്നി സ്റ്റോണിന്റെ ഓപ്പറേഷൻ കഴിഞ്ഞ് ഭവനത്തിൽ വിശ്രമിക്കുന്നു. പൂർണ്ണ വിടുതലിനായി ദൈവമക്കൾ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

# വിവാഹത്തിന്റെ 50-ാം വാർഷികം



**2015 നവംബർ മാസം 4-നു വിവാഹ ജീവിതത്തിൽ 50 വർഷം തികച്ച സഹോദരൻ തോമസ് നൈനാനും കുടുംബവും വിവാഹ വാർഷിക ദിനത്തിൽ**

50-ാം വിവാഹ വാർഷിക ദിനത്തിൽ ദൈവത്തിന് നന്ദിയും സ്തുതിയും അർപ്പിക്കുന്നതിന് ഒരു പ്രാർത്ഥന യോഗം നവംബർ 7-ാം തീയതി നടത്തുകയുണ്ടായി. പാസ്റ്റർ കെ. എ. മാത്യു യോഗത്തിന് അദ്ധ്യക്ഷനായിരുന്നു. കടന്നുവന്നവർ ചേർന്ന് ദൈവത്തെ സ്തുതിക്കയും ദമ്പതികൾക്ക് അനുമോദനങ്ങൾ അറിയിക്കുകയും ചെയ്തു.

കല്യാണം കഴിഞ്ഞ് ഏതു കാരണം പറഞ്ഞും പിരിയാനാഗ്രഹിക്കുന്ന ഈ കാലത്ത് വിവാഹ ജീവിതത്തിൽ അൻപതു വർഷം തികച്ച ഈ കുടുംബം വരും തലമുറയ്ക്കു എന്തുകൊണ്ടും ഒരു മാതൃകയാണ്.

പ്രിയ തോമസ് നൈനാൻ ഐ.പി.സി. മഹാരാഷ്ട്രയുടെ ആരംഭകാല പ്രവർത്തകനും സണ്ടേസ്കൂൾ ഡയറക്ടർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ, സ്റ്റേറ്റ് ട്രഷറർ, ജോ. സെക്രട്ടറി, ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സുവാർത്തയുടെ എഡിറ്ററായി ഇപ്പോഴും പ്രവർത്തിക്കുന്നു.

ഐ.പി.സി. മഹാരാഷ്ട്രയുടെ നാമത്തിലുള്ള ആശംസകൾ ഇതോടൊപ്പം അറിയിക്കുന്നു. ■

# സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കാം



**സാബു കാരമ്മേലിൽ**

വെള്ളം ധാരാളം, പക്ഷെ കുടിവെള്ളമില്ല. എടിഎം കാർഡുണ്ട്, പക്ഷെ പണത്തിന് നിവൃത്തിയില്ല. മൊബൈലുണ്ട്, വാട്സാപ്പുമുണ്ട് പക്ഷെ കണക്റ്റിവിറ്റിയില്ല. വാഹനമുണ്ട് പക്ഷെ റോഡില്ല. പണമുണ്ട് പക്ഷെ കടയില്ല. സുരക്ഷിതമായ സർക്കാർ ജോലിയുണ്ട് അല്ലെങ്കിൽ ധാരാളം ശമ്പളമുള്ള സ്വകാര്യ ജോലിയോ ബിസിനസോ ഉണ്ട്. പക്ഷെ പോകാനാകുന്നില്ല. ഉടുമുണ്ടും ജീവനില്ലാത്ത മൊബൈലുമായി മുകളിലേക്ക്, ആകാശത്തേക്ക് കണ്ണുയർത്തുന്നു. ഒരിറ്റു ജലത്തിനായി അൽപം ആഹാരത്തിനായി. ഇന്നലെവരെ പ്രമോഷൻ, ശമ്പള വർദ്ധന, പുതിയ പുതിയ സംരംഭങ്ങൾ ഇതക്കെയായിരുന്നു സ്വപ്നം. 24 മണിക്കൂർ തികഞ്ഞു പറ്റാത്ത അവസ്ഥ. ഇന്ന് ആവക ആശങ്കകളില്ല. വീട്ടിലെ സാധന സാമഗ്രികളെപ്പറ്റി ആകുലതയില്ല. പുതിയ ഫ്ലാറ്റിൽ ചെളി നിറഞ്ഞതും വിഷയമല്ല. ഒന്നും വേണ്ട ഒരിറ്റു വെള്ളം, അൽപം ആഹാരം, ഈ തുരുത്തിൽ നിന്നൊരു രക്ഷപ്പെടൽ, ഒരു രക്ഷകന്റെ സാന്നിദ്ധ്യം ജീവനുവേണ്ടിയുള്ള ആശങ്ക. പ്രകൃതി ദുരന്തങ്ങൾ വീണ്ടും നമുക്ക് പാഠങ്ങൾ തരികയാണ്. ഒരു ദിവസത്തെ കനത്ത മഴയുടെ ദുരിതം അനുഭവിച്ചറിഞ്ഞ മുംബൈക്കാർ, ഭൂകമ്പത്തിന്റെ ദുഃഖമറിഞ്ഞ ഗുജറാത്ത്, മേഘസ്ഫോടനത്തിന്റെ കാലുഷ്യമറിഞ്ഞ യാത്രികർ. ഒടുവിൽ ചെന്നൈയും. നമ്മുടെ ആശങ്കകളുടെ സ്ഥാനം എത്രയാണ്. പുതിയ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കാൻ പടയോട്ടം നടത്തിയ ചക്രവർത്തിമാരെപ്പോലെ നാം ഓടുകയാണ്. പിന്നിലെയാൾ മുതുകിൽ ചവിട്ടി അടുത്ത ഉയരങ്ങൾ നേടുമെന്ന ഭയപ്പാടിൽ നമ്മൾ ഞായറാഴ്ച ആരാധന ഉപേക്ഷിച്ച് ബിസിനസ് മീറ്റിംഗുകളും ക്ലൈന്റ് ഡിസ്കഷനും നെഞ്ചിലേറ്റുന്നു. മാർക്കും ഗ്രേഡും ഗ്രേസ് മാർക്കും വാഴുന്ന വിദ്യാഭ്യാസ ലോകത്തിന്റെ കുത്തൊഴുക്കിൽ കുടുംബ പ്രാർത്ഥനകൾ സണ്ടേസ്കൂൾ ഇവ വിസ്മരിക്കപ്പെടുന്നു.

സ്കൂളിലെ മുൻനിരയിലെത്താൻ നമ്മുടെ കുരുന്നുകളെ ഞായറാഴ്ചയും ട്യൂഷൻ ക്ലാസുകളിലേക്ക് ലജ്ജയില്ലാതെ തള്ളി വിടുന്നു. ഷിഫ്റ്റ് ജോലിയും ട്രാഫിക് ബ്ലോക്കും ജോലി സംബന്ധമായ യാത്രകളും കഴിഞ്ഞുള്ള തളർച്ചയിൽ വേദപുസ്തകത്തിന്റെ സ്ഥാനം പോലും നാം മറന്നുപോകുന്നു. സന്ധ്യാ പ്രാർത്ഥനകൾ കവർന്നെടുത്ത സീരിയലുകളിൽ നാം ആനന്ദം കണ്ടെത്തുന്നു. തിരക്കുപിടിച്ച ജീവിതത്തിൽ നമുക്ക് പലതും ഒഴിവാക്കാനാകുന്നില്ല. അഡ്മിഷൻ, ബാങ്ക് ലോൺ, സ്കൂൾ ഫീസ്, ഇതെല്ലാം കഴിഞ്ഞ് ഒന്നും ബാക്കി വെയ്ക്കാനാവാത്ത മറ്റൊരു കൂട്ടർ. നാം ഓടുകയാണ്. ലക്ഷ്യമറിയാതെ ഒരു കൂട്ടയോട്ടം.

ഒരിറ്റു വെള്ളത്തിനായി മുകളിലേക്ക് നോക്കുമ്പോൾ, പ്രാണവായുവിനായി ഓടേണ്ടി വരുമ്പോൾ നമ്മുടെ കൂട്ടയോട്ടത്തിനും സ്വത്തു സമ്പാദനത്തിനും എന്ത് പ്രസക്തി. സകലവും നന്നായി ചെയ്യുന്നവൻ അവനിലെ നമ്മുടെ ആശ്രയം എത്രത്തോളം. പ്രകൃതി ദുരന്തങ്ങൾ വീണ്ടും പാഠമാവുകയാണ്. ഈ നെട്ടോട്ടത്തിൽ നാം മറന്ന ദൈവത്തിന്റെ മുഖത്തേക്ക് നാം കണ്ണുയർത്തുക. മരുഭൂയാത്രയിൽ തളരാതെ കാക്കുവാൻ നമുക്ക് വേണ്ടതെല്ലാം തന്നുകൊണ്ടിരിക്കുന്നവനിൽ നമുക്ക് ആശ്രയിക്കാം. സുഭിക്ഷവും സുഖലോലുപതയും നാം ആഗ്രഹിച്ച് നെട്ടോട്ടമോടുമ്പോൾ ഉയരങ്ങളെ കീഴടക്കാൻ, പേര് നേടാൻ, ചക്രവർത്തിപ്പട്ടം നേടാൻ പടവെട്ടുമ്പോൾ ഒരു നിമിഷം കണ്ണുയർത്തുമോ ഉയരങ്ങളിലേക്ക്. ഈ പടയോട്ടത്തിനിടയിൽ അത്യാവശ്യം ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട് മറ്റൊന്നുമല്ല. ഇവിടുത്തെ സ്വന്തം ഒന്നും സ്വന്തമല്ല, പിന്നെയോ യാത്രയുടെ ഭാഗം മാത്രം. യാത്രയെല്ലായ്പ്പോഴും സുഖകരമാകില്ല. പക്ഷെ ആവശ്യ സൗകര്യങ്ങൾ യാത്രയിലുടനീളം നമുക്കനുഭവിക്കാനാവും. യാത്ര കൂടുതൽ കൂടുതൽ സുഖകരമാക്കാൻ നാം നടത്തുന്ന കൂട്ടയോട്ടം വ്യർത്ഥമാകുന്ന സാഹചര്യങ്ങളുണ്ടെന്ന് ഓർമ്മിപ്പിക്കാൻ ഇത്തരം ചില പാഠങ്ങൾ ലഭിക്കുന്നുണ്ട്. ഗുണപാഠം മറക്കുന്ന വിദ്യാർത്ഥികളായി നമ്മൾ തീരരുത്. ഈ സ്വത്തു കൂട്ടലിനും ഓട്ടത്തിനുമിടയിൽ നമ്മുടെ നിത്യതയിലേക്ക് നാമെന്തു സ്വരുക്കൂട്ടിയെന്നു ചിന്തിക്കാൻ മറക്കരുത്.

ഓർക്കുക, ഈ മരുപ്പച്ചയുടെ ഉടമയാകുന്നതാവരുത് നമ്മുടെ ലക്ഷ്യം. നാം തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധ വംശവും സ്വന്തജനവുമാണ്. നമ്മുടെ നിത്യതക്കുവേണ്ടി ദൈവം നമ്മളെ ഏൽപിച്ച സമയവും, സമ്പത്തും കഴിവും ആരോഗ്യവുമെല്ലാം ദൈവനാമ മഹിമക്കായി നമുക്ക് വിനിയോഗിക്കാം, സുവിശേഷത്തിനു പങ്കാളികളാകാം. ദുരിതമനുഭവിക്കുന്നവരെ ആ വോളം സഹായിക്കാം. അവർ നമ്മുടെ സഹോദരങ്ങളാണ്. •

## ആവശ്യമുണ്ട്

മഹാരാഷ്ട്രയിലെ സുവിശേഷ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ വിതരണത്തിനാവശ്യമായ ലഘുലേഖകൾ സുവിശേഷ പ്രതികൾ, പുതിയ നിയമങ്ങൾ, വേദപുസ്തകങ്ങൾ എന്നിവ നൽകാൻ / സ്പോൺസർ ചെയ്യാൻ താൽപര്യമുള്ള വ്യക്തികൾ/സംഘടനകൾ ദയവായി ബന്ധപ്പെടുക.

Pastor P. Joy - 97570 88499
Bro. Varghese Kollakompil - 98213 32273


If you have been blessed by this Magazine please introduce it to others. To receive this magazine please contact :

**SUVARTHA PUBLICATIONS**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089
Mob.: 9821 33 22 73

## അഭിമുഖം

**ഐ.പി.സി. ജനറൽ പ്രസിഡണ്ട് പാസ്റ്റർ ജേക്കബ് ജോണുമായി സുവാർത്താ പ്രവർത്തകർ നടത്തിയ അഭിമുഖത്തിന്റെ സംക്ഷിപ്ത രൂപം.**



From Left - Bros. Idiculla Daniel, Oommen Abraham, Pastor Jacob John, Bro. Varghese Kollakompil, Pastor P. Joy, Pastor K. A. Mathew

***ഭാരതമൊട്ടാകെ യാത്ര ചെയ്തു പ്രാർത്ഥനായോഗങ്ങൾ നടത്തുന്നതിന്റെ ഉദ്ദേശത്തെപ്പറ്റി വിവരിക്കാമോ ?***

ഇന്ത്യയുടെ ആത്മീയ ഉണർവ്വിനെ മുൻകണ്ടു കൊണ്ടുള്ള യാത്രയാണിത്. എല്ലാ സ്റ്റേറ്റിലുമുള്ള പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുവാനും അവരുടെ ഉത്തേജനത്തിനും ഉണർവ്വിനും വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തിവരികയാണ്. അതു കൂടാതെ സുവിശേഷം നിമിത്തവും പെന്തെക്കോസ്തു വിശ്വാസം നിമിത്തവും പീഠിപ്പിക്കപ്പെട്ടവരെ നേരിട്ടു കാണുവാനും അവരെ ആശ്വസിപ്പിക്കുവാനും അവർക്കുവേണ്ട പരിചരണങ്ങളുടെ ഏർപ്പാടുചെയ്യുവാനും ഈ ഭാരത യാത്രമൂലം സാധിക്കുന്നുണ്ട്.

***ജനങ്ങളുടെ പ്രതികരണം എങ്ങനെയുണ്ട് ?***

വളരെ നല്ല പ്രതികരണമായിരുന്നു. ഐ.പി.സി.യുടെ കേന്ദ്രത്തിൽ നിന്നും ഒരാൾ ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലുമുള്ള ഞങ്ങളുടെ അടുത്തേക്ക് വന്നത് ആദ്യമായിട്ടാണെന്നാണ് അവരുടെ ചിന്തയും സംസാരവും.

***ലോകമെമ്പാടും സഭകളും പ്രവർത്തനങ്ങളുമുള്ള ഐ.പി.സി. കുമ്പനാട്ടു ശ്രദ്ധ കേന്ദ്രീകരിച്ചു അവിടെ വൻകിട കെട്ടിടങ്ങളും മൈതാനങ്ങളും എല്ലാമുണ്ടാക്കി കോടിക്കണക്കിനു രൂപ ചിലവഴിക്കുന്നതിനു പകരം ഓരോ സ്റ്റേറ്റിനും ഓരോ റീജിയനും ഹെഡ് ക്വാർട്ടർ ഉണ്ടാക്കുകയല്ലേ വേണ്ടത്. അതിനു താരതമ്യേന ചിലവു കുറവും വിളവിൽ കൂടുതലും ലഭിക്കുകയില്ലേ?***

അതു ശരിയാണ്. എന്നാൽ ആദ്യം കേരളത്തിലെ ഭവനം. പിന്നീടു എല്ലാ സ്റ്റേറ്റുകളും പണിയണമെന്നാണെന്റെ ആഗ്രഹം.

***എല്ലാ സ്റ്റേറ്റിലെയും പ്രതിപുരുഷന്മാർ കുമ്പനാട്ടുപോയി ജനറൽ കൗൺസിൽ അംഗങ്ങളെയും എക്സിക്യൂട്ടീവുകളെയും തിരഞ്ഞെടുക്കുന്നതു ഒരു ഭാരിച്ച ചിലവായതുകൊണ്ടു അതൊഴിവാക്കാൻ വേണ്ടി അതാതു സ്റ്റേറ്റിൽ നിന്നും ജനറൽ കൗൺസിലിലേക്കുള്ള വരെ തിരഞ്ഞെടുത്തു വിടുന്നതല്ലേ നല്ലതു (നമ്മുടെ എം. പി. മാർ ഡൽഹിയിലേക്കു പോകുന്നുതുപോലെ) ഇതു മൂലം എല്ലാ സ്റ്റേറ്റിനും നല്ല പ്രാധിനിധ്യം കിട്ടുകയും എല്ലാവരുടെയും പ്രശ്നങ്ങൾ ജനറൽ കൗൺസലിൽ അറിയുകയും ചെയ്യുമല്ലോ ?***

ഈ കാര്യം ജനറൽ കൗൺസിലിൽ അർഹിക്കുന്ന മുൻഗണന കൊടുത്തു കൊണ്ടവതരിപ്പിക്കാമെന്നു ഞാൻ വാക്കു തരുന്നു.

***മഹാരാഷ്ട്രയിലെ ഐ. പി. സി. പ്രവർത്തനങ്ങളെപ്പറ്റി അഭിപ്രായമെന്താണ് ?***

നിങ്ങളുടെ പ്രവർത്തനങ്ങൾ ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. നിങ്ങളെപ്പറ്റി ഞങ്ങൾക്കു വളരെ അഭിമാനമുണ്ട്. നിങ്ങളുടെ ഉത്സാഹവും അദ്ധ്വാനവും മറ്റുള്ളവർക്കും അനുകരണ യോഗ്യമാണ്.

***പാസ്റ്ററുടെ സ്റ്റേറ്റിൽ എത്ര സഭകളുണ്ട് ?***

ഞങ്ങൾക്ക് 200 സഭകളുണ്ട്.

***വളർച്ചയ്ക്കു തടസ്സമായി നിൽക്കുന്ന സംഗതികൾ എന്തൊക്കെയാണ്?***

സുവിശേഷ വിരോധികളുടെ ഇടപെടൽ ആണ് പ്രധാന തടസ്സം.

***അതിനെന്തു പരിഹാരമാണ് കണ്ടെത്തുന്നത് ?***

പ്രാർത്ഥനയും ഉപവാസവും അല്ലാതെ മറ്റെന്തു പ്രതികരണമാണ് നമുക്കുള്ളത്. ഉയരത്തിലെ കോടതിയിൽ കേസ് കൊടുക്കുമ്പോൾ ശത്രു മിത്രമായി മാറുകയാണ്.

***സുവാർത്തയെപ്പറ്റിയുള്ള അഭിപ്രായമെന്താണ് ?***

വളരെ നല്ലൊരു മാസിക. കഴിഞ്ഞ 25 വർഷമായി തുടർച്ചയായി പ്രസിദ്ധീകരിച്ചെന്നു കേട്ടതിൽ വളരെ സന്തോഷമുണ്ട്. ഇങ്ങനെ ഒരു മാസിക ഐ. പി. സി. യുടെ മറ്റൊരു സ്റ്റേറ്റിനോ റീജിയനോ ജനറൽ കൗൺസിലിനോ പോലും ഇല്ല എന്നതു ഒരു സത്യമാണ്. ദൈവം നിങ്ങളെ വരുംകാലങ്ങളിൽ കൂടുതൽ ശക്തമായി ഉപയോഗിക്കട്ടെ എന്നാശംസിക്കുന്നു.

■